Vol. 21. No. 4.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

April 1923.

# വിഷയവിവരണിക


| | | പേജ്. |
|---|---|---|
| 1. | പഞ്ചാംഗം. | 73 |
| 2. | ഉത്ഥാനകീർത്തനം (ഒരു അന്ധകവി) | 74 |
| 3. | പ്രസാധകക്കുറിപ്പുകൾ. | 74 |
| 4. | സെന്തോന തിരുവസ്ത്രം. വെറി റവ. ഫാദർ അലക്സാണ്ടർ സി. ഡി. | 77 |
| 5. | പത്താം പീയൂസ് മാർപ്പാപ്പാ പ്രത്യക്ഷനായി. 'സ. നാദം' | 78 |
| 6. | ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. റവ. ഫാദർ തോമസ മണ്ണഞ്ചേരി. | 79 |
| 7. | 'ഇതാ മനുഷ്യൻ' (പദ്യം) ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള. | 81 |
| 8. | വിസ്മയകരമായ ഓബർ അമർഗൊ. ശ്രീമാൻ പി. ജെ തോമസ് എം. ഏ. (ഓണേർസ്) | 82 |
| 9. | മലങ്കരസഭയും മാർപ്പാപ്പാമാരും. | 85 |
| 10. | ഞാനും ഒരു ക്രിസ്ത്യാനിയാകുന്നു. കാപ്പിൽ കശ്ശീശാ ക്കാസു ശ. റോമ്മാ. | 87 |
| 11. | കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു. സ്വന്തം കൊച്ചച്ചൻ | 89 |
| 12. | നാല്പതുമണിയാരാധന. | 90 |
| 13. | തിരുഹൃദയ പൊതുനിയോഗം. | 92 |
| 14 | പുതിയ പ്രസിദ്ധീകരണങ്ങൾ, വർത്തമാനസംഗ്രഹം. | 93 |
| 15. | ഔഷധക്കുറിപ്പുകൾ, മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ. | |


## ☞ പ്രത്യേകം വായിക്കേണ്ടതു.

൧൦൯൯ മേടംകൊണ്ടു വരിപ്പണം തീരുന്ന കുസുമ വരിക്കാർക്കും 2478 മുതൽ 3400 വരെയുള്ള രജിസ്റ്റർ നമ്പർകളിൽ പെട്ട കുടിശികക്കാരായിട്ടുള്ളവർക്കും അടുത്ത ലക്കം മാസിക വി. പി. അയക്കുന്നതാണെന്നു ഞങ്ങളുടെ മാന്യ വരിക്കാരെ അറിയിച്ചുകൊള്ളുന്നു.

ഇത്തവണ വേറൊരു പ്രത്യേക സംഗതി കൂടെ ഞങ്ങൾക്കു ഓർപ്പിക്കാനുണ്ട്. ഈ മാസം ൧൯, ൨൦, ൨൧ എന്ന തീയതികളിൽ സ്ഥലത്തെ ആശ്രമ ദേവാലയത്തിൽ നടത്തപ്പെടുന്ന നാല്പതുമണി ആരാധനയ്ക്കു കേരളത്തിൻെറ നാനാഭാഗത്തുനിന്നും ആളുകൾ വന്നുകൂടുന്നതാണല്ലൊ. വി. പി. ചെലവും, അഞ്ചൽ തകരാറും, അനാവശ്യ എഴുത്തുകുത്തുകളും കൂടാതെ കുസുമത്തിൻെറ ഈ നിസ്സാര വരിസംഖ്യ അടയ്ക്കുന്നതിനു ഇതൊരു നല്ല അവസരമാകയാൽ പലരും അപ്രകാരം ചെയ്തുവരുന്നുണ്ടു്. ഇക്കൊല്ലം അതിനു കുറേക്കൂടി സൌകര്യമായി ഏർപ്പാടു ചെയ്തിരിക്കുന്നു. കുസുമത്തിൻെറയും ഗ്രന്ഥാവലിയുടെയും ഏജണ്ടന്മാർ ആശ്രമത്തിനു താഴെയുള്ള സെൻറ് ജോസഫ് മലയാളം സ്കൂളിൽ ഈ ദിവസങ്ങളിൽ ഉണ്ടായിരിക്കും. പുതുതായി ചേരാനാഗ്രഹിക്കുന്ന വരിക്കാരും പഴയ വരിക്കാരും അവരുടെ പക്കൽ പണം ഏൽപ്പിച്ചു രസീതു വാങ്ങിച്ചുകൊള്ളാവുന്നതാണ്. അതിലേക്കുള്ള സമ്മാനങ്ങളുടെ പരസ്യം പുറത്താൾ മൂന്നാം പക്കം നോക്കുക.

അടുത്ത മാസത്തേക്കുള്ള വി. പി. ഈ ദിവസങ്ങൾ കഴിഞ്ഞിട്ടു മാത്രം എഴുതുന്നതാണ്. പാടുള്ളവരെല്ലാവരും ഈ അവസരം ഉപയോഗപ്പെടുത്തിയെടുക്കുമെന്നു വിശ്വസിക്കുന്നു.

മാനേജർ. "കർമ്മലകുസുമം" മാന്നാനം.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം .൭ | .[illegible] | എപ്പകത്തി ൧൩.

## ൧൯൨൩ ഏപ്രിൽ – ൧൦൯൮ മീനം - മേടം.

| | | | | | |
|---|---|---|---|---|---|
| 1 | 19 | ഞാ | ✠ ന. ക. ഉയൎപ്പ് ന. കു. ആ. | .൨൫൩൩.൨.൩ | വെ. |
| 2 | 20 | തി | (✠) ഉ. എം. ന. കു. ആ. | .൨ | വെ. |
| 3 | 21 | ചൊ | (✠) ഉ. എം. ന. കു. ആ. | .൩ | വെ. |
| 4 | 22 | ബു | (✠) ഉ. എം. ന. കു. ആ. | .൪ | വെ. |
| 5 | 23 | വ്യാ | ഉം എം. ന. കു. ആ. | .൫ | വെ. |
| 6 | 24 | വെ | ഉ. എം. ന. കു. ആ. | .൬ | വെ. |
| 7 | 25 | ശ | ഉ. എം. ന. കു. ആ. | .൦ | വെ. |
| 8 | 26 | ഞാ | ✠ ഉ. ൧-ാം പുതു. ന. കു. ആ. | .൫൩ .൩ .൩ | വെ. |
| | | | മലയാററൂർ, പാവർട്ടി കൊവേന്ത, തോമ്മാശ്ലീ. പ്രധാന തിരുനാൾ. | | |
| 9 | 27 | തി | (✠) എ. ഭാ. ക മ. മംഗലവാൎത്ത (മാർച്ച് ൨൫.) ന. ക വെ. | | വെ. |
| | | | അങ്കമാലി ഗീവറുഗീസ്. പ്രധാന തിരുനാൾ. | | |
| 10 | 28 | ചൊ | † മൗ. മ. പത്രോ ദമിയാൻ (ഫെബ്ര്. ൨൩) ന. ആ. കു. വെ. | | വെ. |
| 11 | 29 | ബു | പാ. മൗ. ലേയൊ. ന. ആ. കു. വെ. | | വെ. |
| 12 | 30 | വ്യാ | † മൗ. മ. യോഹ. ദമ്മസോക്ക. (മാർച്ച് ൨൭) ന. ആ. കു. വെ. | | വെ. |
| 13 | 31 | വെ | † രാജ്ഞാവും വേ. ഹെമ്മ. ന. ആ. കു. വെ. | | ചു. |
| | | | ഇന്നു മാർ യൌസേപ്പ പിതാ. മദ്ധ്യസ്ഥ നവനാൾ തുടങ്ങുന്നു. | | |
| 14 | 1 | ശ | വേ. തിബുൎത്തിയൂസും കൂട്ടരും ന. ആ. കു. വെ. | | ചു. |
| 15 | 2 | ഞാ | ✠ ഉ. ൨-ാം. ന. കു. ആ. | .൰൦ .൪ .൨ | വെ. |
| 16 | ◐ 3 | തി | † മൗ കാസ്മീർ. മാർച്ച് ൪. ന. ആ. കു. വെ. | | വെ. |
| 17 | 4 | ചൊ | പാ. വേ. അന്നിസെ. ന. ആ. കു. വെ. | | ചു. |
| 18 | 5 | ബു | † മൗ. യോഹ. ക്ലിമാക്കൂസ്. മാർച്ച് ൩൦. ന. ആ. കു. വെ. | | വെ. |
| 19 | 6 | വ്യാ | മൗ. ഫ്രംസിസ്സ്കോസ്. ഈൗ. ൨. ന. ആ. കു. വെ. | | വെ. |
| | | | മാന്നാനത്തുകൊവേന്തയിൽ നല്പതുമണി ആരാധന. | | |
| 20 | 7 | വെ | † അ. മൗ. മ. ഇസിദോർ ഈൗ. ൪. ന. ആ. കു. വെ. | | വെ. |
| 21 | 8 | ശ | † മൗ. മ. അ. അൻസെൽമൊസ്. ന. ആ. കു. വെ. | | വെ. |
| 22 | 9 | ഞാ | ✠ ഉ. ൩-ാം. ശ്രു. യൗ. മദ്ധ്യ. ന. കു. വെ. | .൰൦.൬൨.൫.൩ | വെ. |
| | | | മാന്നാനത്തു വി. യൌ. മദ്ധ്യ പ്രധാന തിരുനാൾ. | | |
| 23 | 10 | തി | വേ. ഗീവറുഗീസ് ന. ആ. കു. വെ. | | ചു. |
| 24 | 11 | ചൊ | † വേ. ഫിദേലീസ ന. ആ. കു. വെ. | | ചു. |
| | | | അരീത്തുറ, കോതമംഗലം, നാഗപ്പുഴ വി. ഗീവറുഗീ. പ്രധാന തിരുനാൾ. | | |
| 25 | 12 | ബു | മക്കോസ്. ഏവൻഗേലീസ്താ. ന. കു. വെ. | | ചു. |
| 26 | 13 | വ്യാ | പാ. വേ. ക്ലേത്തോസും കൂട്ടരും. ന. ആ. കു. വെ. | | ചു. |
| 27 | 14 | വെ | പാ. വേ. സൊത്തേർ കൂട്ട. ഈൗ. ൨൨. ന. ആ. കു. വെ. | | ചു. |
| 28 | 15 | ശ | വേ. വിത്താലീസ ന. ആ. കു. വെ. | | ചു. |
| 29 | 16 | ഞാ | ✠ ഉ. ൪-ാം. ന. കു. ആ. | .൫൩ .൬ .൨ | വെ. |
| | | | നരിവേലി വി. ഗീവറുഗീസു പ്രധാന തിരുനാൾ. | | |
| 30 | ◑ 17 | തി | വേ. പത്രോസ ഇന്നലെ ന. ആ. കു. വെ. | | ചു. |
| | | | മാതാവിൻ വണക്കമാസം തലേനാൾ | | |




പുരാതന കൊടുങ്ങല്ലൂർ

# കർമ്മലകുസുമം.

പുസ്തകം ൨൧ } ൧൯൨൭ ഏപ്രിൽ { ലക്കം ൪

## ഉത്ഥാന കീർത്തനം.

(പാലാഭിഷേകം— രീതി.)

രാഗം പ്യാഗ്.) (താളം — രൂപകം.

പല്ലവി.

നാലായിരക്കാലമീലോകേ വ്യാപിച്ച — മാല്യകളാകയകററീട്ടവാൻ.

അനുപല്ലവി.

ത്രിലോകരാജനാം ത്രിയേകനാഥൻെറ പ്രിയംനിറഞ്ഞ ദിവ്യസുതൻ.

തുകറാ.

നാരികൾ രത്നമാം മേരിയിൽനിന്നു താൻ
പാരിടേ ജാതനായ് മോദമോടേ.

ചരണം.

ധരതന്നിലതിദുരിതങ്ങൾ സഹിച്ചു — പരനൊരു കുരിശതിൽ തൂങ്ങിമരിച്ചു
മൃത്യുവിൽനിന്നു ജയവിരുതോടേ ഉത്ഥാനംചെയ്തഹോ ത്രിദിനത്തിൽ.

തുകറാ.

ദേവ വൻശാപസന്താപ ക്രൂപംതന്നിൽ
താന്നോരിക്ഷോണിയേ ത്രാണനംചെയ്തു താൻ.

ചരണം.

ചതുദശദിനമതിൽ പ്രഭയൊടുസപര്യേ — പിതൃതിരുവരുകിലണഞ്ഞു വസിക്കും
ഈശോയേനിൻതിരുവാശ്രയംതേടുമീദാസനൊരാശിസ്സുനൽകിടുക! (നാലാ)

കെ. ററി. പിലിപ്പ്, ചങ്ങനാശേരി.

(മൂന്നുവയസ്സിൽ മസൂരിരോഗത്താൽ രണ്ടു കണ്ണിൻേറയും കാഴ്ച, നഷ്ടീഭവിച്ചിട്ടുള്ള ഒരാളാണു മിസ്റ്റർ പിലിപ്പ് എന്നറിയുന്നതു വായനക്കാക്കു രസകരമായിരിക്കുമല്ലൊ. കു. പ.)

# പ്രസാധകക്കുറിപ്പുകൾ.

### ഉയിപ്പു തിരുനാൾ.

ദിവ്യരക്ഷകന്റെ പുനരുത്ഥാനതിരുനാൾ ഒരു നല്ല ക്രിസ്ത്യാനിക്ക അനല്പമായ ആശ്വാസത്തെ പ്രദാനം ചെയ്യുന്നതാണ്. പീഡാനുഭവങ്ങൾ നിറഞ്ഞ ഈ ചുരുങ്ങിയ ലോകജീവിതത്തിന്റെ ശേഷം മഹത്വസംപൂർണ്ണമായ ഒരു നിത്യഭാഗ്യം തനിക്ക ലഭിപ്പാനിരിക്കുന്നുവെന്നുള്ള നിത്യസത്യം ഈ തിരുനാൾ അവനെ സവിശേഷം അനുസ്മരിപ്പിക്കുന്നു. എന്നാൽ മ്ശിഹായോടുകൂടെ പാടുപെട്ടന്നവരല്ലാതെ മഹത്വത്തിൽ അങ്ങെയോടുകൂടെ ഉയിക്കുന്നതല്ലെന്നുള്ളതിനാൽ, ക്രിസ്തുവിനെ സാക്ഷാൽ അനുകരിക്കുന്ന ക്രിസ്ത്യാനികൾക്കല്ലാതെ ഈ തിരുനാളിൽ ആനന്ദിപ്പാൻ അവകാശം കാണുന്നില്ല.

### പുരാതന കൊടുങ്ങല്ലൂർ.

നമ്മുടെ പിതാവായ മാർ തോമ്മായെ സ്മരിക്കാതെ ഉയിപ്പു തിരുനാളിനെപ്പററി ചിന്തിപ്പാൻ പോലും കഴിയുന്നതല്ല. താൻ സ്ഥിരീകരിച്ച ആ പുനരുത്ഥാനത്തിന്റെ ഫലം കേരളത്തിൽ ചിന്തുന്നതിനായി വിശുദ്ധ ശ്ലീഹാ കൊടുങ്ങല്ലൂർ വന്നിറങ്ങിയ ആ ദിനം മലങ്കര സഭയ്ക്കു എത്രയൊ സ്മരണീയ ദിനമായിരിക്കുന്നു! ഇന്ന് ഒരു വിജന സ്ഥലമായിക്കിടക്കുന്ന നമ്മുടെ ആ പൂർവ്വതറവാടു അതീതകാലങ്ങളിൽ ഏതു നിലയിലിരുന്നിട്ടുള്ളതാണെന്നു ഇത്തവണ ഞങ്ങൾ ചേർത്തിട്ടുള്ള ചിത്രത്തിൽനിന്നു സഹർഷംകണ്ടുബോധിക്കാവുന്നതാണ്. കേരളീയ കർമ്മലീത്താസഭയുടെ പ്രിയോർ ജനറാൾ വെറി റവ. ഫാദർ അലക്സാണ്ടർ അവർകൾ ബൽജ്യം രാജ്യത്തിൽ ബ്രൂജസ് പട്ടണത്തിലുള്ള ഒരു കർമ്മലീത്താ ആശ്രമത്തിൽ ചെന്നിരുന്ന സമയം അവിടത്തെ ചില പുരാതന റിക്കാർട്ടുകളിൽനിന്നു എടുപ്പിച്ച ഒരു ഫോട്ടോയാണിത്. മാർ തോമ്മാ ക്രിസ്ത്യാനികൾക്കു അഭിമാനഹേതുകമായ ഒരു സ്മാരകമായി ഇതു എന്നേയ്ക്കും നിലനില്ക്കാതിരിക്കയില്ല.

### മലങ്കര സഭയെ ആരു രക്ഷിക്കും?

മലങ്കരസഭയുടെ പൂർവ്വികന്മാർ ഏകയോഗക്ഷേമമായി നിവസിച്ചിരുന്ന ആ തറവാടിനെ കാണുന്ന ഏതൊരു സമുദായാഭിമാനിയുടെ ഹൃദയമാണ് പ്രസ്തുത സഭയുടെ ഇന്നത്തെ ശോചനീയാവസ്ഥ ചിന്തിച്ചാൽ തകർന്നുപോകാത്തതു്! അഹോ! വട്ടിപ്പണക്കേസിന്റെ പര്യവസാനം എത്ര പരിതാപകരമായിരിക്കുന്നു! ഹാ! മലംകര സഭാമാതാവേ! നിന്റെ മക്കൾ പുനരൈക്യപ്പെട്ടു കാണുന്നതിനുള്ള ഭാഗ്യം എന്നു നിനക്കുണ്ടാകും? വാസ്തവമായ മെത്രാൻപട്ടം സ്വീകരിച്ചിട്ടുള്ള ആൾ മെത്രാനല്ലെന്നു വരുന്ന ഇക്കാലത്തു നിനക്കതിനു ഭാഗധേയമുണ്ടാകുമോ? നിന്നെ ഛിന്നഭിന്നമാക്കി തകർക്കുന്നതിനുള്ള കക്ഷിമത്സരത്തിന്റെ ഈ കൃത്രിമത്തിൽനിന്നു ആരു നിന്നെ രക്ഷിക്കും? മഹാമനസ്കനായ മാർ ദീവന്നാസ്യോസ് മാറോനീത്താറീത്തിൽപെട്ട ഒരു കത്തോലിക്കാജനസഞ്ചയത്തിന്റെ മെത്രാനായി വാഴുന്നതിനു മനസ്സായാൽ, അദ്ദേഹം ഈ കുടുംബഛിദ്രത്തിൽനിന്നു നിന്നെ രക്ഷിപ്പാൻ ശക്തനാകും. ഈ ആപൽക്കര ഘട്ടത്തിൽ നിന്നെ രക്ഷിക്കുന്നതിന്നു അദ്ദേഹത്തിനു കരുണയുണ്ടാകയില്ലെങ്കിൽ ഹാ! പ്രിയ മാതാവേ! ഇനിയും എന്തെല്ലാം സംഭവങ്ങൾ നീ കാണ്മാനിരിക്കുന്നുവെന്നു ആർക്കറിയാം! ദൈവം അതിനിടകൂട്ടാതിരിക്കട്ടെ!!

### വി. യൌസേപ്പിൻ മരണസഖ്യം.

പ്രതിദിനം മരിക്കുന്ന ആളുകളുടെ ആത്മീയ സഹായാർത്ഥം റോമ്മായിൽ നവമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഈ വിശിഷ്ട ഭക്തസഖ്യത്തിന്റെ ഒരു ശാഖ റോമ്മായിലെ പ്രത്യേകാനുമതിയോടുകൂടെ സ്ഥലത്തെ ആശ്രമ ദേവാലയത്തിൽ ഏപ്പെടുത്തിയിരിക്കുന്ന വിവരം ഏവരേയും അറിയിച്ചുകൊള്ളുന്നു. സർവ്വജാതിക്കാരുടെയും വകയായി വി. യൌസേപ്പിന്റെ നാമത്തിൽ റോമ്മായിൽ പണിയാനിരിക്കുന്ന ദേവാലയ പണി വകയ്ക്കു ഓരോ ചക്രത്തോടുകൂടി സ്ഥലത്തെ ആശ്രമശ്രേഷ്ഠന്റെ പേർക്കു എഴുതി അറിയിക്കുന്ന അൽമേനികളെ അദ്ദേഹം സഭയിൽ ചേർത്തു സാക്ഷിപത്രം അയച്ചുകൊടുക്കുന്നതാണ്. വൈദികരായിട്ടുള്ളവരുടെ പേരുകൾ റോമായിൽതന്നെ എഴുതി അയച്ചു ചേരേണ്ടതാകുന്നു.

# സെന്തോന തിരുവസ്ത്രം. (S. Sindone.)

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം കുരിശിൽനിന്നിറക്കി കല്ലറയിൽ അടക്കുകയിൽ ഉപയോഗിക്കപ്പെട്ട കെത്താന അഥവാ വക്കശീലയത്രേ ഇവിടെ സെന്തോന (S. Sindone) തിരുവസ്ത്രം എന്നു പറയപ്പെടുന്നതു്. വി: യോഹന്നാൻെറ സുവിശേഷം ൧൯--ാം അദ്ധ്യായത്തിൽ പറയപ്പെട്ടിരിക്കും പ്രകാരം നമ്മുടെ കർത്താവിൻെറ ശിഷ്യരായ റാംസ യൗസേപ്പും നിക്കോദേമോസും കൂടി കവറടക്കം ഭംഗിയായി നടത്തുകയിൽ തിരുശരീരം സുഗന്ധവർഗ്ഗങ്ങളോടുകൂടെ പ്രസ്തുത സെന്തോനയിൽ അഥവാ വക്കശീലയിൽ പൊതിഞ്ഞുകെട്ടി. എന്നാൽ നമ്മുടെ കർത്താവ് മഹിമയോടെ ഉയിർത്തെഴുന്നള്ളിയ ശേഷം ഈ തിരുവസ്ത്രം കല്ലറയിൽ ഒരുഭാഗത്തു കിടക്കുന്നപ്രകാരം വിശുദ്ധ പത്രോസും യോഹന്നാനും കണ്ടതായി യോഹന്നാൻെറ സുവിശേഷം ൨൦-ാം അദ്ധ്യായം ൭-ാം വാക്യത്തിൽ പറയപ്പെട്ടിരിക്കുന്നു. ഈ തിരുവസ്ത്രം നിക്കോദേമോസ് മഹാ പൂജ്യമായി സൂക്ഷിച്ചു. അനന്തരം ഇതു ഗമാലിയേൽ എന്ന ശാസ്ത്രിയുടെ സൂക്ഷത്തിൽ ആയി. ഇദ്ദേഹത്തിൻെറ പക്കൽ നിന്നു വി. ചെറിയ യാക്കോബ്ശ്ലീഹാ ഈ തിരുവസ്ത്ര വാങ്ങി ഓർശ്ലേം പള്ളിയിൽ മഹാ വണക്കത്തോടെ വെച്ചിരുന്നു. ഓർശ്ലേം മെത്രാനായിരുന്ന വി. ചെറിയ യാക്കോബ്ശ്ലീഹാ മരിച്ച ശേഷം അദ്ദേഹത്തിൻെറ അനുജനായ മാർ ശെമഓൻ പിൻഗാമിയായി മെത്രാഭിഷേകം സ്വീകരിച്ചു. ഇദ്ദേഹവും ഈ തിരുവസ്ത്രത്തെ പൂജ്യമായി സൂക്ഷിച്ചുവന്നു. ഇപ്രകാരം പരമ്പരയായി ൧൧൯൦-ാമാണ്ടു വരെ ഓർശ്ലേം ദേവാലയത്തിൽ ഈ തിരുവസ്ത്രം ഒരു വലിയ നിക്ഷേപം പോലെ സൂക്ഷിക്കപ്പെട്ടുവന്നു. ൧൧൯൫-ൽ ഗ്വയി ദെ ലുസിഞ്ഞൻ (Guy de Lusignan) എന്ന ക്രിസ്തീയപ്രഭു സൈപ്രസ് തുരുത്തിലേക്കു ഇതിനെ കൊണ്ടുപോയി. അവിടെ വളരെക്കാലം വണങ്ങപ്പെട്ട ശേഷം ൧൪൫൩-ൽ ലുസിഞ്ഞൻ കുടുംബത്തിൽ ശേഷിച്ച വിധവയായ പ്രഭ്വി ഈ തിരുവസ്ത്രത്തെ ഫ്രാൻസിലേക്കു കൊണ്ടുപോകയും സവോയ് രാജകുടുംബത്തിൽ ഒരു രാജ്ഞിക്കു സമ്മാനിക്കയും ചെയ്തു. അന്നു മുതൽ ഇന്നുവരെ സവോയ രാജകുടുംബം ഈ തിരുവസ്ത്രത്തെ മഹാ പൂജ്യതയോടെ ഇററലിയിൽ ട്യൂറിൻ(Turin)പട്ടണത്തിൽ ഒരു പ്രത്യേക പള്ളിയിൽ സ്ഥാപിച്ചു ജനങ്ങളുടെ പൊതുവണക്കത്തിനായി വച്ചിരിക്കുന്നു.



സെന്തോന തിരുവസ്ത്രത്തിൽ പതിഞ്ഞിരിക്കുന്ന വിസ്മയകര ഛായാപടമത്രേ ഇതിന്നു കൂടുതൽ വിലയും മതിപ്പും ബഹുമാനവും കൊടുക്കുന്നതു്. നമ്മുടെ കർത്താവിൻെറ തിരുശരീരം ഈ തിരുവസ്ത്രത്തിൽ പൊതിയപ്പെട്ടിരുന്നപ്പോൾ ആ തിരുശരീരത്തിൻെറ പ്രതിമ ഒരു ഛായാപടത്തിൽ എന്നപോലെ ഈവസ്ത്രത്തിൽ ദൈവ വല്ലഭത്താൽ എഴുതപ്പെടുകയുണ്ടായി. നമ്മുടെ കർത്താവിൻെറ തിരുമുഖം വെറോനിക്കായുടെ മുഖശീലയിൽ പതിഞ്ഞിട്ടുള്ളതുപോലെ തെളിവായി ഈ തിരുവസ്ത്രത്തിൽ പതിഞ്ഞിട്ടുള്ളതുകൂടാതെ, അങ്ങേ തിരുശരീരത്തിൽ പെട്ട അടികളും മുറിവുകളും ചതവുകളും എല്ലാം വിശദമായി ഇതിൽ പതിഞ്ഞിട്ടുണ്ടു. നമ്മുടെ കർത്താവിൻെറ ഭംഗപ്പാടുകളെ അലിവോടും സ്നേഹത്തോടും കൂടെ ഓർത്തു ധ്യാനിക്കുന്നതിന്നു നമുക്കു സഹായമാകുവാൻ സമർത്ഥന്മാരായ ശില്പകാരന്മാർ 'തൂങ്ങപ്പെട്ട' സ്വരൂപത്തേയും കൽത്തൂണിൽ അടിപെട്ട സ്വരൂപത്തേയും മററും നമുക്കുണ്ടാക്കിത്തരുന്നുണ്ടല്ലോ. ഇവയൊക്കെയും നമ്മുടെ കർത്താവീശോമിശിഹാതന്നെ നമുക്കു നിത്യഓർമ്മയ്ക്കായി എഴുതിത്തന്നിട്ടുള്ള ഈ വിസ്മയകരപടത്തി

*

ൻമുമ്പാകെ നിസ്സാരങ്ങളാണ്. ഒരു കുടുംബത്തലവൻ തന്റെ കുടുംബാംഗങ്ങളെ ശത്രുവിന്റെ ആക്രമണത്തിൽനിന്നു രക്ഷിപ്പാൻവേണ്ടി ശത്രുവിന്റെ കയ്യാൽ മുറിവേററു മരിച്ചാൽ ഈ സംഭവത്തെ കാണിക്കുന്ന പടം ആ കുടുംബത്തിൽ എത്ര വലിയൊരു സ്മാരകമായിരിക്കും? ഈവിധം മരിച്ച കുടുംബത്തലവന്റെ നേരെ എപ്രകാരമുള്ള സ്നേഹം പ്രസ്തുത കുടുംബത്തിൽ സൎവ്വദാ പ്രബലപ്പെട്ടിരിക്കും? ഈ ഉദ്ദേശത്തോടുകൂടെ ആയിരിക്കുന്നു നമ്മുടെ കൎത്താവീശോ മ്ശിഹാ നമ്മെ എല്ലാവരേയും രക്ഷിച്ച സംഭവം നമ്മേ എന്നേക്കും ഓൎപ്പിക്കുന്നതിന്നായിട്ട് ഈ വിസ്മയകരപടം നമുക്കു താൻതന്നെ എഴുതി തന്നിട്ടുള്ളത്. അമ്പതുനോമ്പിന്റെ ൨ാം ഞായറാഴ്ച കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച ഈ സെന്തോന തിരുവസ്ത്രത്തിന്റെ ഓൎമ്മ തിരുസഭ കൊണ്ടാടി വരുന്നുണ്ട്. ൨-ാമത്തെ യൂലിയോസ് മാൎപ്പാപ്പാ ഇതിനെ സംബന്ധിച്ചു ലത്തീൻ കാനോന നമസ്കാരത്തിൽ പ്രത്യേക ജപങ്ങൾ അനുവദിച്ചിട്ടുമുണ്ട്. ൧൮൯൮-ൽ ഈ തിരുവസ്ത്രത്തിലുള്ള വിസ്മയകരപടത്തിന്റെ ഫോട്ടൊ എടുക്കയുണ്ടായി. തിരുശരീരത്തിന്റെ പ്രതിമയും അതിലുള്ള തിരുമുറിവുകളും വെടിപ്പായി ഈ ഫോട്ടോയിൽ കാണപ്പെടുന്നുണ്ട്. ഈ തിരു വസ്ത്രത്തിൽനിന്നു പകൎത്തിയെടുത്ത തിരുമുഖത്തിൻ പടമാണ് കൊച്ചുത്രേസ്യാ പുണ്യവതിയുടെ പടത്തോടുകൂടെ പലപ്പോഴും പ്രസിദ്ധപ്പെടുത്താറുള്ളത്.

പ്രിയ വായനക്കാരെ! സെന്തോന തിരുവസ്ത്രത്തിൽ അമാനുഷിക പ്രവൃത്തിയാൽ എഴുതപ്പെട്ടിരിക്കുന്ന വിസ്മയകര പടത്തെപ്പററി അല്പം മനസ്സിരുത്തി ആലോചിച്ചാൽ, ദൈവത്തിന്നു മാനുഷന്റെ നേരെയുള്ള അളവററ സ്നേഹത്തെ എളുപ്പത്തിൽ ഗ്രഹിക്കാനിടവരും. നമ്മെ രക്ഷിപ്പാനായി കഠിനപാടുകൾ സഹിച്ചു മരിച്ചുകിടക്കുന്ന ഈശോയുടെ തിരുശരീരവും അതിലുള്ള തിരുമുറിവുകളും ഈ സ്നേഹത്തെയല്ലയൊ നമ്മോടു വിളിച്ചറിയിക്കുന്നതു?

ഫാദർ അലക്സാണ്ടർ സി. ഡി.

## പത്താംപീയൂസ് മാർപ്പാപ്പാ പ്രത്യക്ഷനായി.

പരേതനും പുണ്യശ്ലോകനുമായ പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു വത്തിക്കാനിൽവെച്ചു ജൎമ്മൻകാരും ആസ്ത്രീയൻകാരുമായ പത്തുവൈദികന്മാൎക്കു പ്രത്യക്ഷനായി സംസാരിച്ചു എന്നുള്ള വൎത്തമാനം നമ്മുടെ നാട്ടിൽ അധികമാരും കേട്ടിട്ടുണ്ടായിരിക്കുകയില്ല. കാലം ചെയ്ത ഈതിരുമേനിയുടെ അന്ത്യാദ്ദശമായ ഭക്തിയെക്കുറിച്ചും നിഷ്കളങ്കമായ ജിവിതത്തെക്കുറിച്ചും അറിയാവുന്നവരെ ഈ വൎത്തമാനം ആശ്ചൎയ്യഭരിതരാക്കുമെന്നും തോന്നുന്നില്ല. അവിടുന്നു ഒരു പുണ്യവാനെപ്പോലെയാണു ജീവിച്ചിരുന്നത്. വത്തിക്കാനിൽവെച്ചു പുണ്യശ്ലോകനായ പത്താംപീയൂസ് മാൎപ്പാപ്പായെ സ്വന്തം ദൃഷ്ടികൊണ്ടു ദൎശിക്കാനും അവിടത്തെ സംഭാഷണാം കേൾക്കാനും ഭാഗ്യമുണ്ടായ ഒരു വൈദികൻ ആ സംഭവത്തെക്കുറിച്ചു തന്റെ മേലധികാരിയായ ട്രെവ്സിലെ അസിസ്റ്റണ്ടുമെത്രാനോടു ആ സംഭവത്തെക്കുറിച്ചു താഴെവരും പ്രകാരം പറഞ്ഞതായി കാണുന്നു:

കുറേ ദിവസം മുമ്പ് ജൎമ്മൻകാരും ആസ്ത്രിയൻകാരുമായ പത്തു വൈദികന്മാർ ഇപ്പോൾ വാഴുന്ന പതിനൊന്നാം പീയൂസ് പാപ്പായെ സന്ദൎശിക്കുന്നതിനായി റോമയിൽ എത്തുകയും കൂടിക്കാഴ്ചയ്ക്കു തിരുമനസ്സിലെ സന്നിധിയിൽചെല്ലുവാൻ ഏകദേശാ സമയമാകുകയുംചെയ്തു. അങ്ങിനെ ആവൈദികന്മാർ സന്ദൎശനഹാളിനു അടുത്തുള്ള

മുറിയിൽ കാത്തുനിൽക്കുമ്പോൾ വാതിൽ പെട്ടന്നു തുറക്കുകയും എട്ടുകൊല്ലം മുമ്പു പരലോകപ്രാപ്തനായ പത്താം പിയൂസ് മാർപ്പാപ്പാ അവരുടെ മുമ്പിൽ എഴുന്നള്ളിനിൽക്കുകയുമുണ്ടായി. വൈദികന്മാർക്കെല്ലാവർക്കും ആളെ മനസ്സിലായതുകൊണ്ടു മിണ്ടാൻകൂടി വയ്യാതെ അവർ സ്തബ്ധചിത്തരായി നിന്നു. പത്താം പിയൂസ് അവരുടെ നേരെ തിരിഞ്ഞ് "ഈ നിർഭാഗ്യദശ ഇനിയും രണ്ടു വൽസരങ്ങളോളം ദീർഘിച്ചുനിൽക്കും" എന്നു അരുളിച്ചെയ്തതിൻെറശേഷം അന്തർദ്ധാനംചെയ്തു. ഈ ദർശനം കൊണ്ടു അവർക്കുണ്ടായ പരിഭ്രമം തീരുന്നതിന്നുമുമ്പു അവിടെ കൂടിക്കാഴ്ചക്കായി കാത്തുനിന്ന അവരെ മാർപ്പാപ്പായുടെ രഹസ്യ മുറിയിലേക്കു ചെല്ലുവാനായി ആൾ വന്നു വിളിച്ചു. അവർ തിരുമുമ്പാകെ ഹാജരായ സമയം അവരിൽ എന്തോ വല്ലാത്ത ക്ഷോഭം കണ്ടതിനാൽ തിരുമനസ്സുകൊണ്ട് അതിനുള്ള ഹേതു എന്താണെന്നു കല്പിച്ചുചോദിച്ചു. ഈ വൈദികന്മാരിൽ ഒരുവൻ അവർക്കുണ്ടായ ദർശനത്തെക്കുറിച്ചുള്ള വിവരങ്ങൾ തിരുമനസ്സുണർത്തിച്ചപ്പോൾ 'അവിടുന്നു വീണ്ടും ഇവിടെ വന്നുവല്ലെ' എന്നു ആശ്ചര്യലേശം കൂടാതെ പരിശുദ്ധ പിതാവു അരുളിച്ചെയ്തു. ഇങ്ങനെയാണു ദൃക്സാക്ഷിയായ ഒരു വൈദികൻ പറഞ്ഞത്. പരിശുദ്ധ പിതാവിൻെറ ഈ വാക്കുകളിൽനിന്നു പത്താം പിയൂസ് ഇതിനുമുമ്പും പ്രത്യക്ഷനായിട്ടുണ്ടെന്നാണു പലരും ഊഹിക്കുന്നത്.

"സ. നാദം."

## ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ.

(അർസിലെ വികാരി ആയിരുന്ന വി. വിയാന്നിയുടെ ഒരു പ്രസംഗത്തിൽ നിന്നും സംഗ്രഹിച്ചത്.)

പിശാചുക്കൾക്കു സ്വയമേ ചെയ്യാൻ പാടില്ലാത്തതും എന്നാൽ മനുഷ്യരായ നമ്മെക്കൊണ്ടു ചെയ്യിക്കുന്നതിന്നു പിശാചുക്കൾ വളരെയധികം ആഗ്രഹിക്കുന്നതും ആയ ശുദ്ധതയ്ക്കു വിരുദ്ധമായ പാപങ്ങളുടെ കാഠിന്യത്തെ മനസ്സിലാക്കുന്നതിന്നു് ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നു പറയുന്നതിൻെറ സാരം എന്തെന്നു ഗ്രഹിച്ചാൽ മതിയായിരിക്കുന്നു. ഒരു ക്രിസ്ത്യാനി ദൈവത്തിൻെറ പുത്രനും ദൈവത്തിൻെറ സഹോദരനും ദൈവരാജ്യത്തിൻെറ അവകാശിയും ആകുന്നു. ഒരു ക്രിസ്ത്യാനി പരിശുദ്ധ ത്രിത്വത്തിൻെറ മൂന്നാളുകളുടെയും പ്രത്യേക സ്നേഹത്തിന്നും വാത്സല്യത്തിന്നും വിഷയമായിരിക്കുന്നു. ഒരു ക്രിസ്ത്യാനിയുടെ ശരീരം പരിശുദ്ധാരൂപിയുടെ ദേവാലയം ആയിരിക്കുന്നു. പരിശുദ്ധാരൂപിയുടെ ദേവാലയമായിരിക്കുന്ന ഈ ശരീരമാകുന്നു ശുദ്ധതയ്ക്കു വിരുദ്ധമായ പാപങ്ങളാൽ മലിനീകൃതമാക്കപ്പെടുന്നത്. നാം ഒരിക്കൽ സ്വർഗ്ഗത്തിൽ രാജാക്കന്മാരെപ്പോലെ വാഴുന്നതിന്നുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാകുന്നു. ശുദ്ധതയ്ക്കു വിരുദ്ധമായ പാപത്തിൽ വീഴുന്നതിന്നുള്ള നിർഭാഗ്യം നമുക്കു നേരിടുന്നുവെങ്കിൽ, നമ്മുടെ ശരീരം പിശാചുക്കളുടെ വാസസ്ഥലമായിത്തീരുന്നു. അശുദ്ധമായിട്ടുള്ള യാതൊന്നും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ലെന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു. ഈ അശുദ്ധ ചെളിയിൽ നിമഗ്നമായിരിക്കുന്ന ഒരു ആത്മാവ്, അതിപരിശുദ്ധനും നിർമ്മലനും ആയ ദൈവത്തിൻെറ സന്നിധിയിൽ എങ്ങനെ നിൽക്കും?

അശുദ്ധിയിൽതന്നെ മുഴുകി, തങ്ങളുടെ നിർഭാഗ്യാവസ്ഥയെ മനസ്സിലാക്കാതിരിക്കുകയും ഈ പരിതാപകരമായ സ്ഥിതിയിൽനിന്നു വിട്ടുമാറുന്നതിന്നു ശക്തിയില്ലാതിരിക്കയും ചെയ്യത്തക്കവണ്ണം അത്ര ഭയങ്കരമായ വിധത്തിൽ ആത്മാവിന്നു മരണവും ചീച്ചിലും ഭവിച്ചിട്ടുള്ള ചിലയാളുകൾ ഉണ്ടു്. സകലവും അവരെ തിന്മ

യിലേക്കു ആകർഷിക്കുന്നു. ചെളിയിൽ കിടന്നുരുണ്ടു സന്തോഷിക്കുന്ന ഒരു അശ്ശുദ്ധ മൃഗത്തെപ്പോലെ അവരുടെ കൺമുമ്പാകെ ഈ അശ്ശുചിയായ സംഗതികൾ എല്ലായ്പ്പോഴും ഉണ്ടായിരിക്കും. ഇങ്ങനെയുള്ള ആത്മാക്കൾ ദൈവത്തിന്നും തന്റെ മാലാഖാമാക്കും ഏററം ദുസ്സഹമായ വെറുപ്പും ദ്വേഷവും വരുത്തുന്നു. നമ്മുടെ അഹംകാരം നിമിത്തമുള്ള പാപങ്ങളെ പരിഹരിക്കുന്നതിന്നുവേണ്ടി, നമ്മുടെ ദിവ്യരക്ഷകൻ തന്റെ തിരുശിരസ്സിൽ മുൾമുടി ധരിച്ചു. എന്നാൽ ശുദ്ധതയ്ക്കു വിരുദ്ധമായ ഈ ശപിക്കപ്പെട്ട പാപം നിമിത്തം, നമ്മുടെ ദിവ്യരക്ഷകന്റെ തിരുശരീരം മുഴുവനും ചമ്മട്ടി അടികളാൽ മുറിവേൽപ്പിക്കപ്പെട്ടുകയും, തന്റെ മാംസം മുഴുവനും കഷണംകഷണമായി വലിച്ചുകീറപ്പെട്ടുകയും ചെയ്തു. എന്തെന്നാൽ താൻ ചമ്മട്ടി അടികൾ ഏററശേഷം തന്റെ അസ്ഥികൾ എല്ലാം എണ്ണപ്പെട്ടുവാൻ പാട്ടുണ്ടായിരുന്നുവെന്നു അവിടുന്നു അരുളിച്ചെയ്യുകയുണ്ടായി.

ഓ, എന്റെ പ്രിയപ്പെട്ട മക്കളേ! നമ്മുടെ നല്ല ദൈവത്തിന്നു വിരുദ്ധമായി ചെയ്യപ്പെടുന്ന ഇത്ര വളരെ പാപങ്ങൾക്കു പരിഹാരം ചെയ്യുകയും തന്റെ നീതിയെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നവരായ ഏതാനും ശുദ്ധാത്മാക്കൾ അവിടെയും ഇവിടെയും ഇല്ലായിരുന്നുവെന്നുവരികിൽ നാം ദൈവനീതിയാൽ എത്രയോ കഠിനമായി ശിക്ഷിക്കപ്പെട്ടുമായിരുന്നു! ഇപ്പോൾ ഈ പാപം ലോകത്തിൽ സർവ്വസാധാരണമായിരിക്കുന്നു. ഈ വിചാരംതന്നെ നാം ഓരോരുത്തരേയും വളരെ ഭയപ്പെടുത്തേണ്ടതാണ്. പ്രിയപ്പെട്ടവരേ! ഒരു തീക്കപ്പൽ, അതിന്റെ പുകയെ പുറത്തേക്കു വിടുന്നതുപോലെ, നരകം ഭൂമിയിലേക്ക് അതിന്റെ അശ്ശുദ്ധിയെ വിസജ്ജനംചെയ്യുന്നുവെന്നു നമുക്കു പറയാൻ കഴിയും. പിശാചു നമ്മുടെ ആത്മാവിനെ അശ്ശുദ്ധമാക്കുന്നതിന്നു കഴിയുന്ന ശ്രമങ്ങളെല്ലാം ചെയ്തുവരുന്നുണ്ട്. എന്നാൽ നമ്മുടെ ആത്മാവ് നമ്മുടെ സമസ്തവും ആകുന്നു. നമ്മുടെ ശരീരം ചീച്ചിലിന്റെയും ദുർഗ്ഗന്ധങ്ങളുടെയും ഒരു കൂടാരംമാത്രമാണ്. നിങ്ങൾ ഒരു സിമിത്തേരിയിൽപോയി നോക്കുവിൻ. അപ്പോൾ നാം നമ്മുടെ ശരീരത്തെ സ്നേഹിക്കുമ്പോൾ എന്തിനെയാണു സ്നേഹിക്കുന്നത് എന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയും. ഞാൻ നിങ്ങളോടു പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ ഒരു അശ്ശുദ്ധാത്മാവിനേക്കാൾ നികൃഷ്ടമായ വസ്തു ഇല്ലാ. ശുദ്ധതയെ നഷ്ടപ്പെടുത്തിയവർ എണ്ണയിൽ മുക്കിയ ഒരു വസ്ത്രംപോലെ ആകുന്നു. നാം അതിനെ എത്ര പ്രാവശ്യം നനച്ചാലും അതിന്റെ കറ നീങ്ങിപ്പോകയില്ല. ഇപ്രകാരം അശ്ശുദ്ധതയിൽ മുഴുകിയിരിക്കുന്ന ഒരു ആത്മാവിനെ ശുദ്ധീകരിക്കുന്നതിന്നു ഒരു അത്ഭുതംതന്നെ ആവശ്യമായിരിക്കുന്നു.

ശുദ്ധതയുള്ള ആത്മാവിനെപ്പോലെ മനോഹരമായ ഒരു വസ്തു ഇല്ല. നാം ഇതു മനസ്സിലാക്കിയിരുന്നെങ്കിൽ നമ്മുടെ ശുദ്ധതയെ നാം ഒരിക്കലും നഷ്ടപ്പെടുത്തുകയില്ലായിരുന്നു. ശുദ്ധതയുള്ള ആത്മാവ്, ഭൂതാത്മങ്ങളായ സകല വസ്തുക്കളിൽനിന്നും, അതിന്റെ സ്വന്ത ശരീരത്തിൽനിന്നുതന്നെയും വിമുക്തമായി, സർവ്വദാ ദൈവത്തിൽ ജീവിക്കുന്നു. വിശുദ്ധന്മാർ എല്ലായ്പ്പോഴും തങ്ങളുടെ ശരീരങ്ങളെ പീഡിപ്പിച്ചിരുന്നതു ഇതുകൊണ്ടാകുന്നു. അവർ തങ്ങളുടെ ശരീരങ്ങൾക്കു ജീവസന്ധാരണത്തിന്ന് അത്യന്താപേക്ഷിതങ്ങളായ കൂട്ടങ്ങൾ ഒഴിച്ച് ശേഷം എല്ലാം നിഷേധിച്ചിരുന്നു. ഉദാഹരണമായി, ഇഷ്ടമുള്ളപ്പോഴെല്ലാം ഭക്ഷിക്കുക, സുഖമായി നിദ്രചെയ്യുക, കിടക്കയിൽനിന്നെഴുന്നേൽക്കുന്നതിന്നു താമസംവരുത്തുക ഇങ്ങിനെയുള്ള കാര്യങ്ങൾ ഇന്ദ്രിയനിഗ്രഹത്തെപ്രതി അവർ ഉപേക്ഷിച്ചിരുന്നു. ശരീരത്തിന്നു നഷ്ടപ്പെടുന്ന സുഖങ്ങൾ ആത്മാവിന്നു ലാഭമായിത്തീരുന്നു. ശരീരത്തിന്നു ലാഭമായി തീരുന്നവ, ആത്മാവിന്നു നഷ്ടമായി പരിണമിക്കുന്നു.

ശുദ്ധത എന്ന പുണ്യം സ്വർഗ്ഗത്തിൽനിന്ന് ഉത്ഭവിച്ചതാകുന്നു. നമുക്കു അതു ലഭിക്കുന്നതിന്നുവേണ്ടി നാം ദൈവത്തോടു പ്രാർത്ഥിക്കണം. അതു നമുക്കു നഷ്ടപ്പെടാതിരിക്കുന്നതിന്നുവേണ്ടി നാം പ്രത്യേകം സൂക്ഷമുള്ളവരായിരിക്കണം. ന

മ്മുടെ ഭവനങ്ങളിൽ കള്ളന്മാർ കയറാതിരിക്കുന്നതിന്നുവേണ്ടി നാം വാതിലുകളും ജനലുകളും അടച്ചിടുന്നതുപോലെ നിഗളം, മോഹം ആദിയായ എല്ലാ ദുർഗ്ഗുണങ്ങൾക്കും എതിരായി നമ്മുടെ ഹൃദയത്തിൻെറ വാതിലുകളെ നാം അടയ്ക്കുണം.

ഒരു കാവൽമാലാഖായ്ക്കു ശുദ്ധതയുള്ള ഒരു ആത്മാവിൻെറ സൂക്ഷം കയ്യേൽക്കുന്നതു് എത്രയോ സന്തോഷഹേതുവായിരിക്കും. ഒരു ആത്മാവ് ശുദ്ധതയുള്ളതായിരിക്കുമ്പോൾ സ്വർഗ്ഗവാസികളെല്ലാവരും അതിനെ വലിയ സന്തോഷത്തോടുകൂടി നോക്കിക്കൊണ്ടിരിക്കുന്നു. ശുദ്ധതയുള്ള ആത്മാക്കൾ നമ്മുടെ കർത്താവിൻെറ പ്രത്യേക സ്നേഹത്തിന്നു വിഷയങ്ങളാകുന്നു. നാം ലോകത്തിൽ വെച്ച് എത്ര ശുദ്ധിമാന്മാരായിരിക്കുമോ, അത്രയ്ക്കു നാം സ്വർഗ്ഗത്തിൽ നമ്മുടെ കർത്താവിനോടു സമീപിച്ചു നിൽക്കും. ഹൃദയം ശുദ്ധതയുള്ളതായിരിക്കുമ്പോൾ അതിന്നു് സ്നേഹിക്കാതിരിക്കുവാൻ നിവൃത്തിയില്ലാ. എന്തുകൊണ്ടെന്നാൽ, അതു് സ്നേഹത്തിൻെറ ഉല്പത്തിസ്ഥാനമാകുന്ന ദൈവത്തെത്തന്നെ കണ്ടെത്തുന്നു. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാരാകുന്നു; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" എന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്യുന്നു.

ശുദ്ധതയുള്ള ആത്മാവുകൾക്കു ദൈവത്തിൻെറ ഹൃദയത്തിന്മേലുള്ള ശക്തി എത്രമാത്രമാണെന്നു നമുക്കു മനസ്സിലാക്കാൻ പാടില്ലാ. താദൃശമായ ഒരാത്മാവു ദൈവത്തിൻെറ ഇഷ്ടത്തെ ചെയ്യുന്നുവെന്നല്ലാ പറയേണ്ടതു്; ദൈവം അതിൻെറ ഇഷ്ടത്തെ ചെയ്യുന്നു. ഏററം ശുദ്ധാത്മാവായ മൂശയെ നിങ്ങൾ നോക്കുവിൻ. ദൈവം യഹൂദജനത്തെശിക്ഷിക്കുന്നതിന്നായി വിചാരിച്ചക്ഷണത്തിൽ താൻ മൂശയോടു പറയുന്നു: "നീ ഇവർക്കുവേണ്ടി പ്രാർത്ഥിക്കരുതു്; എന്തുകൊണ്ടെന്നാൽ എൻെറ കോപം ഇവരുടെമേൽ ശക്തിപ്പെട്ടിരിക്കുന്നു" എങ്കിലും മൂശ പ്രാർത്ഥിച്ചു. മൂശയുടെ പ്രാർത്ഥനനിമിത്തം ദൈവം ആ ജനത്തെ ശിക്ഷിച്ചില്ല. ശുദ്ധതയുള്ള ആത്മാവിൻെറ പ്രാർത്ഥനയെ കേൾക്കാതിരിക്കുന്നതിന്നു ദൈവത്തിന്നു സാധിച്ചില്ലാ. ഹാ! എൻെറ പ്രിയപ്പെട്ടവരേ! ഈ ശപിക്കപ്പെട്ട പാപത്താൽ മലിനമാക്കപ്പെടാതിരിക്കുന്ന ആത്മാവു് ദൈവത്തോടു ചോദിക്കുന്നതെല്ലാം താൻ അവർക്കു സാധിച്ചുകൊടുക്കും.

ഫാദർ തോമസ് മണ്ണഞ്ചേരി.

## ഇതാ മനുഷ്യൻ!

(പ്രസിദ്ധീകരിക്കാൻ തുടങ്ങുന്ന 'ശ്രീയേശുവിജയം' മഹാകാവ്യത്തിൽനിന്നും)

ക്രൂരരാകുമരികൾക്കൊരുലേശം
വൈരശാന്തിവരുമാറധികാരി
പാരമീശസുതനെ പ്രഹരിപ്പാൻ
ശൂരരായ ഭടരോടഥചൊല്ലി. ൧.

യോധമുഖ്യരതു കേട്ടുവിശുദ്ധാ-
രാധനാർഹനമലൻ മിശിഹായിൽ
ബാധചെയ്യുതിനുതൻ തിരുവസ്ത്രം
വ്യാധതുല്യതയൊടക്ഷണമൂരി. ൨.

കാണിയുംകരുണയെന്നിയെ ഹാ! കൽ-
ത്തൂണിൽ മൂക്കപമതിതസ്കരനൊപ്പം
താണിടാത്തദയപെട്ടും മിശിഹാതൻ
പാണിചേർത്തുകയറാലവർകെട്ടി. ൩.

ക്രൂററനും കഴലിണയ്ക്കുതെഴുമ്മ-
ട്ടേററമുഗ്രത കലന്ന ഭടന്മാർ
ഊററമോടു മിശിഹായെ മുറയ്ക്കാൽ-
മാററമൊത്തു കശയാൽ പ്രഹരിച്ചു. ൪.

മേലിലേക്കുയിരയപ്പതിനായ് കൈ-
ക്കൂലിതൻഫലമതിത്തുഭടന്മാർ
ചേലിയന്ന മിശിഹായുടെപൂമെ-
യ്യാലിലപ്പടി തലാവിറതേടി. ൫.

ഘോരമായടികളിങ്ങനെ പേർത്താം-
സാരമെന്ന വിധമേറ്റതുമൂലം
ധാരപോലെ തിരുമേനിയിൽ നിന്നും
ചോരകൽത്തളമതിൽ പ്രവഹിച്ചു. ൬.

മല്ലയന്നഭടർതൻചൊടിക്രൂട്ടം
തല്ലുകൊണ്ടുടൽ കിഴിഞ്ഞുനുറുങ്ങി
പുല്ലുപോലിടവിടാതെ തെറിച്ചി-
ട്ടെല്ലുകാണ്മതിനു തക്കപടിക്കായ്. ൭.

ബോധമുള്ളവർ വിറച്ചിടുമാറാ-
ബ്ബാധചേർത്തകശതൻനിരകൾത്തുൺ
യോധവസ്ത്രനികരം കയറെന്നീ-
സ്സാധനങ്ങൾ ബത! മുങ്ങിനിണത്തിൽ ൮.

തെല്ലുപോലുമലിവെന്നിയെവല്ലാ-
ക്കല്ലുതോല്ക്കുമകമൊത്തരിപുക്കൾ,
ചൊല്ലയന്നവിഭുവാം മിശിഹായെ
തല്ലതീർന്നളവഴിച്ചുപതുക്കെ. ൯.

മാലിനാൽതളരുമപ്രഭുവേനാൽ-
ക്കാലിമേലവരിരുത്തിയശേഷം
ചേലിയന്ന തിരുബാഹുവിൽവേഴ-
ക്കോലിനെക്കലിതകൗതുകമേകി. ൧൦.

ക്രൂർത്തമുള്ളുകൾ നിറഞ്ഞപടപ്പാൽ
തീർത്തതായ മുടിയുംമടിയെന്ന്യേ
ആർത്തനാമജസുതന്റെ ശിരസ്സിൽ
ചീർത്തരോഷമൊടരാതികൾവച്ചു. ൧൧.

ഏറിടുന്നരുജയാലകമേറ്റം
നീറിടുന്ന മിശിഹായെരിപുക്കൾ
കീറിനാറിനിറമറ്റുപഴക്കം
പേറിടുന്ന ചകലാസ്സണിയിച്ചു ൧൨.

"വാണിടട്ടെ മഹിമാവൊടുയൂദ-
ക്ഷോണിപാല"നിതിപുഞ്ചിരിപൂർവ്വം
പാണിചേർത്തരുളിയേശുവെയൂദ-
ശ്രേണിനിന്ദയൊടുതാണുവണങ്ങി. ൧൩.

ഘോഷണാന്വിതമനേകതരംദുർ
ഭാഷണങ്ങളുരചെയ്തരിവൃന്ദം
ഭീഷണാകൃതിവഹിച്ചധികംവി-
ദ്വേഷമോടു കവിളിൽ പ്രഹരിച്ചു. ൧൪.

മാനസത്തിലുയരും ദയമൂലം
മാനവർക്കു സുകൃതം വിളയിപ്പാൻ
ഊനമറ്റ ദമമൊത്തിവയെല്ലാം
മൌനമോടുമജസൂനുസഹിച്ചു. ൧൫.

ലേശമാർദ്ദ്രതജനങ്ങളിലുൾക്കൊ-
ണ്ടാശയത്തിനപകർച്ചവരാനായ്
ആശയോടരികിലാവിധികർത്താ-
വീശപുത്രനെ നയിച്ചുനിറുത്തി. ൧൬.

കണ്ടകൌഘമിളവെന്നിയെ ദ്വേഷ്യം
കൊണ്ടടിച്ചു കടയോളവുമുള്ളിൽ
കണ്ടകാവലി കടന്നുയരുന്നോ-
രിണ്ടലാൽ തലകുഴഞ്ഞു കുനിഞ്ഞും. ൧൭.

ഊടിയന്ന മുടി, ചെഞ്ചൊടി, താർതോ-
റ്റോടിടുന്ന മിഴി, പോർച്ചെവി, ചില്ലി,
താടി, നെറ്റി, കവിൾ, മൂക്കിവയെല്ലാം
മോടിപോയ് നിണകണങ്ങളണിഞ്ഞും ൧൮

പൊന്നുപോലൊളിവിളങ്ങിയ പൂമെ-
യ്യൊന്നുപോൽ ബത! ചതഞ്ഞുമുറിഞ്ഞും
കുന്നുപോലഴലുയന്നു തളന്നും
നിന്നുകൽപ്രതിമപോലഭിഷിക്തൻ. ൧൯.

(വിശേഷകം)

യൂദവൃന്ദമൊടിതാ നരനെന്നാ-
മോദഹീനമധികാരി കഥിച്ചു
വാദമറ്റു കുരിശേറ്റി വധിപ്പാൻ
യൂദസംഹതി ശഠിച്ചിതു കഷ്ടം!!

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

## വിസ്മയകരമായ ഓബർ ആമർഗോ.

അത്യുന്നതങ്ങളായ ആൽപ്പ്സ പർവ്വതങ്ങളുടെ അടിവാരത്തായി, അതികോമളങ്ങളായ അടിക്കുന്നുകളുടെ ഇടയ്ക്കു്, വൃക്ഷക്കൂട്ടത്താൽ ചുററപ്പെട്ടു്, സമാധാനത്തിന്റെ കേളിരംഗമായി സ്വച്ഛന്ദം വിലസുന്ന ഓബർ ആമർഗോ ഗ്രാമം ദർശിച്ചിട്ടുള്ളവർക്കു ലോകത്തിലെ സാക്ഷാൽ വിസ്മയകരമായ ഒരു സ്ഥാനം കണ്ടിട്ടുണ്ടെന്നു തീർച്ചയായും അഭിമാനിക്കാവുന്നതാണ്. ഈ ഭൂമിയിൽ ഇത്രത്തോളം മനോഹരമായ സ്ഥലങ്ങളും അതിനു ചേന്ന ജനങ്ങളും വളരെയുണ്ടെങ്കിൽ തി

ർച്ചയായും ലോകം ഒരു ഗർഹണീയസ്ഥലമല്ല, സാക്ഷാൽ ഒരു പറുദീസാതന്നെയായിരിക്കും.

ഓബർ ആമർഗോവിൽ ഞാൻ ചെന്നെത്തിയ ദിവസം എൻെറ സ്മരണപഥത്തിൽ നിന്നും ഒരിക്കലും മറഞ്ഞുപോകയില്ല. നല്ല സൂര്യപ്രകാശമുള്ള ഒരു ദിവസം വെള്ളപ്പട്ടു പുതപ്പിച്ച മട്ടിൽ തെളുതെളെ വിലസുന്ന മഞ്ഞിനാൽ ആവൃതമായി ഒരു സാക്ഷാൽ 'ഹിമാലയം'പോലെ വിലസുന്ന ടിറോളിസിലെ ആൽപ്പശ പർവ്വതശിഖരങ്ങൾ ദൂരെ കാണാം. എന്നാൽ അടുത്തുള്ള കുന്നുകൾ അതിലും ഉന്നതമാണെന്നു തോന്നിക്കത്തക്കവണ്ണം മലയുടെ മേൽ പൊങ്ങിനിൽക്കുന്നു. അവയുടെ അടിവാരത്തുകൂടി മനോഹരമായ ഒരു അരുവി മൃദുസംഗീതത്തോടുകൂടി മന്ദമായി ഇരച്ചു ഒഴുകുന്നു. അതിൻെറ നാമം 'ആമർഗോ' എന്നത്രേ.

Men may come and men may go,
But I go on for ever.

വന്നുംപോയുമിരിപ്പതു മാനുഷ-
രെന്നാൽ, ഞാനൊഴുകുന്നിഹ നിത്യം.

എന്നു് മഹാകവി ടെനിസൻ എഴുതിയതു് ഈ ചെറുതോടിൻെറ ഒഴുക്കു കണ്ടിട്ടാണോ എന്നു തോന്നിപ്പോകും. അതിലെ ജലം സ്ഫടികസമാനമാണു്; അടിയിലുള്ള ഭംഗിയേറിയ മണൽമണികൾ സ്വർണ്ണകണങ്ങൾപോലെ പ്രകാശിക്കുന്നതു കാണാം. ഈ അരുവിയുടെ തീരത്തായി അവിടത്തേ ദേവാലയം, ഉയൎന്ന ഒരു ഗോപുരത്തോടുകൂടി നിൽക്കുന്നതും കണ്ണാടിയിലെന്നതുപോലെ വെള്ളത്തിൽ കാണാം. ഈ ചെറുതോടിനു സമീപത്തും കുറേ അകലെയും ആയി ഇരുനൂറോളം ചെറിയ വീടുകൾ ഉണ്ടു്. അവയ്ക്കെല്ലാം ഇടയ്ക്കായി പകിടകളംപോലെ മൂന്നടികളും ഉണ്ടു്.

ചെറിയ വീടുകൾ എന്നു പറഞ്ഞതുകൊണ്ടു് വായനക്കാർ തെററിദ്ധരിച്ചുപോകരുതു്. വീടുകൾ ചെറുതെങ്കിലും അവയുടെ അന്തർഭാഗങ്ങൾ വാസ്തവത്തിൽ വെണ്മയുടെ മൂർത്തീകരണമാണു്. ഏതു ഗൃഹത്തിൽ ചെന്നാലും ഏററവും ഭംഗിയുള്ള വീട്ടുസാമാനങ്ങൾ കാണാം. ചിത്രമെഴുത്തു് കൊത്തുപണി മുതലായ കലാവിദ്യകളുടെ മാതൃഭൂമി ഇക്കാലത്തു ബവേറിയാ രാജ്യം ആണു; ആ രാജ്യത്തിൽ വച്ചു് ഏററവും വിശേഷമായ രൂപങ്ങൾ കൊത്തുന്നതു് ഓബർ ആമർഗോവിലും അത്രെ. രൂപങ്ങൾപോലെതന്നെ കസേരകൾമുതലായ വീട്ടുസാമാനങ്ങളും. അതിനു യോജിച്ചതു തന്നേ ആ സാമാനങ്ങൾ ഉപയോഗിക്കുന്ന ജനങ്ങളും.

വഴികളിൽക്കൂടി നടക്കുന്ന ജനങ്ങളെ നോക്കാം. അവരുടെ നീണ്ട തലമുടിയും, പ്രത്യേകതരമായ തൊപ്പിയും, പൌരസ്ത്യരീതിയിലുള്ള വസ്ത്രവും കണ്ടാൽ പലസ്തീനായിലോ ഈ ഗ്രാമം എന്നു തോന്നിപ്പോകും. അവരെല്ലാം കഷ്ടാനുഭവാഭിനയത്തിൽ വേഷംകെട്ടുന്നവരാണു്. അഭിനയം കാണാൻ വന്നിട്ടുള്ളവരോടു അവർ കാണിക്കുന്ന മര്യാദയും ആദരവും അത്ഭുതകരംതന്നെ. സന്ദർശകന്മാരെ കണ്ടാൽ ഒരു പുഞ്ചിരികൊണ്ടെങ്കിലും അഭിവാദ്യം ചെയ്യാതെ അവർ കടന്നുപോകയില്ല. ഞാൻ ആദ്യമായി ഇറങ്ങിനടന്നപ്പോൾ തന്നേ തോമ്മാവേഷധാരിയെ യദൃച്ഛയാ കണ്ടു കുശലപ്രശ്നം ചെയ്തു. ക്രിസ്തുവേഷധാരിയായ സാക്ഷാൽ അന്തോണിലാങ്ങ് രണ്ടു വാക്കു പറഞ്ഞു ഒന്നു മന്ദസ്മിതം ചെയ്യാതെ ഒരിക്കലും കടന്നുപോകാറില്ല. ഏതെങ്കിലും ഒരു സ്ഥലത്തു പോകാൻ ആഗ്രഹിക്കുമ്പോൾ പലർ വന്നു അവിടെ കൊണ്ടുചെന്നാക്കാമെന്നു പറഞ്ഞു സാദരം ക്ഷണിക്കും. ഇതു് ഒരു പ്രതിഫലവും ഇച്ഛിച്ചല്ല; പ്രതിഫലം അവർ സ്വീകരിക്കയും ഇല്ല. അവിടത്തേ ജനങ്ങളുടെ സമ്പ്രദായങ്ങൾ യൂറോപ്പിൽ എവിടെയും (വിശേഷിച്ചു് ഇംഗ്ലണ്ടിലും) കാണുന്നവരുടെ പെരുമാററത്തിൽ നിന്നും വളരെ വ്യത്യാസപ്പെട്ടതാണു്. വളരെക്കാലത്തേയ്ക്കുള്ള സത്യക്രിസ്തീയ ജീവിതത്തിൻെറ ഫലമാണിതു്. ഉപവി എന്ന ഗുണം മററു ദിക്കുകളിൽ നിന്നും ഓടി ഈ നാടൻ ഗ്രാമത്തിൽ ശരണംപിടിച്ചിരിക്കയാണത്രേ.

പത്തു കൊല്ലത്തിൽ ഒരിക്കൽ ഒരു കഷ്ടാനുഭവാഭിനയം നടത്തുന്നതും ആ അവസരത്തിൽ അന്യദിക്കുകാൎക്കു ആതിഥ്യം നൽകുന്നതും തങ്ങളുടെ പ്രധാനമായ ഒരു കടമയായി മാത്രമാണു് ഈ ഗ്രാ

മക്കാർ കരുതുന്നതു്. അതിൽ നിന്നും വരവുണ്ടാക്കാൻ അവർ ഒരിക്കലും ആഗ്രഹിക്കുന്നില്ല. നാടകപ്പുരയിൽ പ്രവേശിക്കാനുള്ള ടിക്കററിനുള്ള കൂലിനിരക്കുതന്നേ ഇതിനു മതിയായ ലക്ഷ്യമാണു്. ഭക്ഷണം, താമസത്തിനുള്ള മുറി, എന്നിവയ്ക്കു് അവർ എത്രയും ചുരുങ്ങിയ പ്രതിഫലമേ വാങ്ങുന്നുള്ളു. അഭിനയത്തിൽ നിന്നും ഫോട്ടോയെടുത്തു് സിനമെട്ടോഗ്രാഫിൽ വരുത്തി അന്ന്യരാജ്യങ്ങളിൽ കാണിക്കാനുള്ള അനുവാദം കൊടുത്താൽ രണ്ടു ലക്ഷം പവൻ പ്രതിഫലം കൊടുക്കാമെന്നു ഒരു അമേരിക്കൻ കമ്പനിക്കാർ ആവശ്യപ്പെട്ടപ്പോൾ ഈ ഗ്രാമവാസികൾ അതു നിരാകരിക്കയാണു ചെയ്തതു്. ഇക്കാലത്തു രണ്ടു ലക്ഷം പവൻ!! അഭിനയത്തിൽ നിന്നും ലാഭമെടുക്കുന്നതു് അവരുടെ പഴയ പറഞ്ഞൊപ്പിനു വിപരീതമാണു പോലും. ഈ വിധത്തിൽ ഇപ്രകാരമൊരു വാഗ്ദാനം പാലിക്കുന്ന ജനങ്ങൾ ലോകത്തിൽ വളരെയുണ്ടെന്നു തോന്നുന്നില്ല. മേൽപ്രകാരംതന്നേ അന്തോണിലാങ്ങ് അമേരിക്കയിൽ പോയി ക്രിസ്തുവിൻെറ വേഷം കെട്ടിക്കാണിക്കുന്നപക്ഷം അദ്ദേഹത്തിനു വലിയ പ്രതിഫലം കൊടുക്കാമെന്നു പറഞ്ഞപ്പോഴും, അതിനു "ഇല്ല" എന്നു ചുരുങ്ങിയ മറുപടി മാത്രമാണു് ഉണ്ടായതു്.

ഈ തരത്തിൽ ധനത്തെ നിസ്സാരമായിക്കരുതുന്നവർ തീർച്ചയായും പണക്കാരായിരിക്കണമെന്നു വായനക്കാർ കരുതിയേക്കാം. എന്നാൽ വാസ്തവം നേരേമറിച്ചാണു്. ഓബർ ആമർഗോ നിവാസികൾ മിക്കവരും തന്നേ നിത്യവൃത്തിക്കുവേണ്ടി നിത്യം പ്രയത്നിക്കേണ്ട തൊഴിൽക്കാരാണു്. കൊത്തുപണി, കലം മനയുക, മരം കൊണ്ടു പല ചിത്രപ്പണികൾ ചെയ്ക, എന്നിങ്ങനെയാണു് അവിടത്തെ പ്രധാന തൊഴിലുകൾ. ഭൂമിയുടമസ്ഥന്മാർ അവരിൽ തീരെ ചുരുക്കമാണു്. ജോലിചെയ്യാതെ സുഖമായിരുന്നു കാലക്ഷേപം ചെയ്യാവുന്നവർ അവിടെ ആരുമില്ല. ക്രീസ്തുവേഷം ധരിക്കുന്ന അന്തോണിലാങ്ങ് കലംമനഞ്ഞു കാലക്ഷേപം ചെയ്യുന്നു. കയ്യേപ്പായായ വുട്ട്സ് ഒരു കൊല്ലനാണു്. അദ്ദേഹത്തിൻെറ അഭിനയം വാസ്തവത്തിൽ അത്ഭുതകരമായിരുന്നതിനാൽ, ഞാൻ അയാളെ അഭിനന്ദിക്കാൻ വീട്ടിൽ ചെന്നപ്പോൾ "ഞാൻ ഒരു സാധു കൊല്ലൻ മാത്രമാണു" എന്നു പറഞ്ഞു ആ സാക്ഷാൽ യോഗ്യനായ മനുഷ്യൻ സ്വയം താഴ്ത്തിയതു് ഞാൻ ഒരിക്കലും മറക്കയില്ല. എന്നാൽ അഭിനയവേളയിൽ ഏതു രാജാവും വിസ്മയിച്ചു സലാം വയ്ക്കും.

ഈ ഗ്രാമവാസികളുടെ വിദ്യാഭ്യാസസമ്പ്രദായത്തിലും വിശേഷവിധിയായി ഒന്നുമില്ല. അവിടെയുള്ള ചെറിയ ഗ്രാമപ്പള്ളിക്കൂടത്തിൽ മാത്രമാണു് അവർ വിദ്യാഭ്യാസം ചെയ്യുന്നതു്. ഹൈസ്കൂളുകളിലോ സർവ്വകലാലയങ്ങളിലോ പോകത്തക്ക പ്രാപ്തിയോ പണശ്ശേഷിയോ ഒന്നും അവർക്കില്ല. എന്നാൽ ഇതു് അവർക്കു ഒരു കുറച്ചിലായി ഞാൻ കരുതുന്നില്ല. തൊഴിൽ അഭ്യാസമാണു് അവർക്കു പ്രധാനമായുള്ളതു്. അതിനു വേണ്ട സൌകര്യങ്ങൾ ധാരാളം അവിടെയുണ്ടു്. കഷ്ടാനുഭവം അഭിനയിക്കുന്നതിൽ അവരേ ഉപരിജ്ഞാനം പ്രത്യേകമായി സഹായിക്കുമെന്നും തോന്നുന്നില്ല.

ഈ ഗ്രാമത്തിൽ അധികമായി വരുന്ന വിദേശീയർ ഇംഗ്ലീഷ് സംസാരിക്കുന്ന അമേരിക്കന്മാരും ഇംഗ്ലണ്ടുകാരും ആകയാൽ അവിടെയുള്ള ജനങ്ങളിൽ വളരെപ്പേർ ഇപ്പോൾ ഇംഗ്ലീഷ് സംസാരിക്കും. എന്നാൽ കുറേക്കാലം മുമ്പു് അവർക്കു ഇംഗ്ലീഷ് ഭാഷാജ്ഞാനം അത്രക്കില്ലായിരുന്നു. ജർമ്മൻ സംസാരിക്കാൻ പാടില്ലാത്ത യാത്രക്കാർക്കു അക്കാലത്തു പററാറുണ്ടായിരുന്ന "കിണ്ട"ങ്ങളേപ്പററി പല കഥകൾ ഉണ്ടു്. പണ്ടൊരിക്കൽ സൂളിവൻ എന്നൊരു ഐറിഷ്ക്കാരൻ അവിടെച്ചെന്നെത്തിയത്രേ. അന്തോണിലാങ്ങിൻെറ വീട്ടിലാണു താമസിച്ചതു്. (അന്നു അന്തോണി കുട്ടിയായിരുന്നു.) സൂളിവനു ജർമ്മൻ വശമില്ല; ലാങ്ങുവീട്ടുകാർ ഇംഗ്ലീഷ് സംസാരിക്കയുമില്ല. വൃദ്ധയായ ലാങ്ങുമദാമ്മ മുറയ്ക്കു ഭക്ഷണം പാകം ചെയ്തു കൊടുത്തു. എന്നാൽ ധാര ഒന്നും ഭക്ഷിക്കുന്നില്ല. എപ്പോഴും വയററിന്മേൽ തിരുമ്മി കൈകൊണ്ടു ആംഗ്യംകാണിച്ചതേയുള്ളു. ഇപ്രകാരം ധാരയും വീട്ടുകാരും ഒരുപോലെ കുഴങ്ങി. ഇങ്ങനെയിരിക്കുമ്പോൾ ധാര

ഒരു "തിരുക്കുടുംബ" പ്പടം അവിടെ കണ്ടു, അതു തുറിച്ചുനോക്കി. ഏങ്ങലിടിച്ചു അതിലുള്ള റൂഹാചിഹ്നമായ പ്രാവിന്മേൽ കൈവച്ചു ആംഗ്യം കാണിച്ചു. Das ist Heile geist എന്നു ലാങ്ങുമദാമ്മ പറഞ്ഞു. Then give me your Heile geist for food! എന്നു വയററത്തു കൈവച്ചുകൊണ്ടു ധാര വിളിച്ചുപറഞ്ഞു. വീട്ടുകാർക്കു കഥ മനസ്സിലായി. പക്ഷിമാംസം വാങ്ങി പാകം ചെയ്തു ധാരയെ സമാധാനപ്പെടുത്തുകയും ഉണ്ടായത്രേ.

ഓബർ ആമർഗോ നിവാസികൾക്കു ഏററവും പ്രധാനമായ സംഗതി അവരുടെ പത്തു കൊല്ലത്തിലൊരിക്കലുള്ള ഈ അഭിനയമാണ്. അവിടത്തെ പ്രധാന സംഭവങ്ങൾ അവർ സ്മരിക്കുന്നതു്, "പണ്ടു ഇല്ലി പൂത്ത കാലം" എന്നു നമ്മുടെ ഉൾനാട്ടിൽ ചിലർ പറയുംപോലെ, ഈ അഭിനയവർഷം കണക്കാക്കിയാണ്. ഒരു അഭിനയം കഴിഞ്ഞാൽ ഉടനേ അടുത്ത തവണയെപ്പററി വിചാരമായി; അതിലേക്കുള്ള ഒരുക്കങ്ങൾ ആയി. ആ ഗ്രാമത്തിലെ ചെറു കുട്ടികൾക്കുപോലും ഇതാണു പ്രധാന ചിന്താവിഷയം. അവരുടെ ജീവിതാശകൾ അതിന്മേൽ ബന്ധിച്ചാണു കിടക്കുന്നതു്. ക്രിസ്തുവിൻെറയും മറിയയുടേയും പാർട്ടു വഹിക്കുന്നതാണ് ഈ സ്ഥലത്തെ ഏററവും വലിയ ബഹുമാനം; വലിയ രാജയോഗമുള്ളവർക്കേ ഇതു ലഭിക്കയുള്ളു. ഇതു് ഒരു വീരശൃംഖലയേക്കാൾ വലുതാണ്. ഒരു ദിവസം ഞാൻ വഴിയിൽ കണ്ട വെയസ്സുള്ള സാധുവായ– ചെരിപ്പു ധരിക്കാത്ത!– ഒരു കുട്ടിയോടു്, ഇനിയൊരിക്കൽ ഞാൻ വരുമ്പോൾ അവൻ എന്തു നിലയിൽ ഇരിക്കാൻ ആഗ്രഹിക്കുന്നെന്നു ചോദിച്ചു. ഒരു സംശയം കൂടാതെ Kristus im spiel എന്നു അവൻ ഉത്തരം പറഞ്ഞു. ഇപ്പോൾ ക്രിസ്തുവേഷം ധരിക്കുന്ന ലാങ്ങിൻെറ ആശ യോഹന്നാൻശ്ലീഹാ മാത്രമായാൽ മതിയെന്നായിരുന്നു. എന്നാൽ മൂന്നുപ്രാവശ്യം അത്ഭുതകരമായവിധത്തിൽ ദിവ്യരക്ഷകൻെറ ഭാഗം അഭിനയിക്കാൻ അദ്ദേഹത്തിനു ഭാഗ്യം ഉണ്ടായി. അദ്ദേഹത്തിൻെറ ഭാര്യ വിവാഹത്തിനു മുമ്പു് ഒരിക്കൽ മറിയയായി അഭിനയിച്ചിട്ടുണ്ടു്. അവരുടെ മൂന്നു കുട്ടികൾക്കുള്ള വലിയ ആഗ്രഹം തങ്ങളുടെ അമ്മയച്ഛന്മാരുടെ സ്ഥാനത്തിൽ ഒരു കാലത്തു എത്തണമെന്നാണ്. ആ ആഗ്രഹം നിറവേറുന്നതിനു അവർ നിത്യം പ്രാർത്ഥിക്കയും ചെയ്യുന്നുണ്ടെന്നെനിക്കറിയാം.

പി. ജെ. തോമസ് എം. ഏ.
(ഓണേർസ്)

# മലങ്കരസഭയും മാർപ്പാപ്പാമാരും.

V.

"പതിനഞ്ചാം ശതാബ്ദത്തിൽ നാലാമത്തെ എവുജേനിയോസ് മാർപ്പാപ്പായിൽനിന്നു 'ഭാരതീയ ചക്രവർത്തിയും മിശിഹായിൽ നമ്മുടെ സ്നിഗ്ദ്ധപുത്രനുമായ തോമ്മാസ്സു സ്വാമിയും ശ്ലീഹായ്ക്കടുത്ത ആശീർവ്വാദവും. നിങ്ങളും നിങ്ങളുടെ രാജ്യത്തിലെ പ്രജകളും സത്യക്രിസ്ത്യാനികളാണെന്നുള്ള അറിവു പലപ്പോഴും നമ്മുടെ സമക്ഷം എത്തിയിട്ടുണ്ടു്...'' എന്നു തുടങ്ങുന്ന ലിഖിതം സ്വീകരിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച വില്ലാർവട്ടം തോമ്മാ മഹാരാജാവു് 'സുറിയാനിസഭാംഗങ്ങളിൽ ഒരുത്തൻ' ആയിരുന്നോ? (Travancore State Manual. P. 147.)

"മലങ്കര സുറിയാനിക്കാരുടെ പൂർവ്വികന്മാർ പാപ്പ യെന്നുള്ള പേരുപോലും കേൾക്കയോ, അദ്ദേഹത്തിൻെറ ഭരണത്തിൻകീഴ ഇരിക്കയോ ചെയ്തിട്ടില്ല. സൈന്യബലത്തോടും പണശക്തിയോടും കൂടിയുള്ള മെനേസിസിൻെറ അപഹരണംമുതൽക്കല്ലാതെ മാർപ്പാപ്പായുടെ കീഴിൽ സുറിയാനി സഭാംഗങ്ങളിൽ ഒരുത്ത

ൻപോലും ചേൎന്നിട്ടില്ല” എന്നുള്ള ‘കാതോലിക് സഭാ’മാസികയുടെ വാദം എത്ര അടിസ്ഥാനരഹിതമാണെന്നു മുൻലക്കങ്ങളിൽ കണ്ട ചോദ്യങ്ങളും മാസിക അതിനു പറഞ്ഞിട്ടുള്ള സമാധാനങ്ങളുംകൊണ്ടു ഏവൎക്കും മനസ്സിലാക്കാവുന്നതാണ്. ഇനി വില്ലാർവട്ടം തോമ്മാ മഹാരാജാവിനുള്ള എഴുത്തിനെസംബന്ധിച്ച മേല്പറഞ്ഞിരിക്കുന്ന ചോദ്യം ‘കാതോലിക് സഭ’ സംക്ഷേപിച്ചിരിക്കുന്ന വിധവും അതിനനുസരിച്ചു തട്ടിവിട്ടിരിക്കുന്ന മറുപടിയും നോക്കുക.

“൫-ാം ചോദ്യം:— എവുജേനിപ്പാപ്പായിൽനിന്നു സ്വസ്ഥിയും ശ്ലീഹാസ്സ്കൂടത്ത ആശീർവ്വാദവും.......എന്നിങ്ങനെ തുടങ്ങിയ എഴുത്തു സിദ്ധിച്ച വില്ലാർവട്ടം തോമ്മാരാജാവ് സുറിയാനി സഭാംഗങ്ങളിൽ ഒരുത്തനായിരുന്നോ?”

മറുപടി:— അദ്ദേഹം സുറിയാനി സഭാംഗങ്ങളിൽ ഒരുത്തനായിരുന്നു. എന്നാൽ അദ്ദേഹം റോമൻ കാതോലിക്കനല്ലായിരുന്നു. മാൎപ്പാപ്പാ ഇങ്ങനെ എഴുത്തയച്ചിരുന്നതുകൊണ്ടുമാത്രം മഹാരാജാവ് റോമൻകാതോലിക്കനായിരുന്നു എന്നു തെളിയുന്നതുമല്ല. ലത്തീൻമിഷ്യനറിമാരുടെ തന്ത്രവും പ്രേരണയും അനുസരിച്ച് ഈവിധ എഴുത്തുകൾ പല ക്രിസ്തീയ രാജാക്കന്മാൎക്കും അദ്ദേഹം അയച്ചുകാണും. പുറജാതി രാജാക്കന്മാരേയും ഈവിധം കൈവശപ്പെടുത്താൻ മാർപ്പാപ്പാമാർ ശ്രമിച്ചുകാണും. അതുകൊണ്ടു തോമ്മാരാജാവോ മലങ്കരസഭയോ റോമ്മാസഭയിൽ പെട്ടതാണെന്നു വരുന്നതെങ്ങിനേ? അദ്ദേഹം റോമ്മാസഭക്കാരനാണെന്നു തെളിയിപ്പാൻ അദ്ദേഹത്തിൻെറയോ മലങ്കരസഭയുടെയോ വല്ല സമ്മതങ്ങളും സാക്ഷികളും കുസുമാധിപർ ഉദ്ധരിക്കാമോ?”

ഇതാണു ‘കാതോലിക്ക് സഭ’യുടെ മറുവടി.—‘മ്ശിഹായിൽ നമ്മുടെ സ്നിഗ്ദ്ധ പുത്രനു’ (To my most beloved son in Christ) എന്നും, ‘നിങ്ങളും നിങ്ങളുടെ രാജ്യത്തിലെ പ്രജകളും സത്യക്രിസ്ത്യാനികളാണെന്നുള്ള അറിവു പലപ്പോഴും നമ്മുടെ സമക്ഷം എത്തിയിട്ടുണ്ട്’ എന്നുമുള്ള എഴുത്തിലെ സാരമായ ഭാഗങ്ങൾ ‘കുത്തി’ മുറിപ്പെടുത്തിക്കളഞ്ഞിട്ടു, കത്തോലിക്കേതരനായ ഒരു ക്രിസ്തീയരാജാവിനോ, പുറജാതി രാജാക്കന്മാൎക്കോ എഴുതുന്ന രീതിയിൽ മാസികാവായനക്കാൎക്ക എഴുത്തിനെ കാണിച്ചുകൊണ്ട്, “അതുകൊണ്ടു തോമ്മാ മഹാരാജാവോ മലങ്കരസഭയോ റോമ്മാസഭയിൽ പെട്ടതാണെന്നു വരുന്നതെങ്ങിനെ?” എന്നുള്ള ഒരു എതിർചോദ്യത്താൽ വിജയകാഹളം മുഴക്കി സമാശ്വസിക്കാമെന്നു വച്ചതു വളരെ താഴ്ന്നതരം വിദ്യയാണെന്നേ ഞങ്ങൾക്കു പറവാനുള്ളു. മാർ തോമ്മാ ക്രിസ്ത്യാനികളും അവരുടെ രാജാവും ‘സത്യക്രിസ്ത്യാനികളാ’ണെന്നു മാൎപ്പാപ്പാ അറിഞ്ഞിരുന്നു. സാക്ഷാൽ കത്തോലിക്കരെ അല്ലാതെ അന്നും ഇന്നും ‘റോമാസഭ’ സത്യക്രിസ്ത്യാനികളായി പരിഗണിക്കാറില്ലെന്നു പറയേണ്ടതില്ലല്ലൊ. തന്നിമിത്തം തോമ്മാ മഹാരാജാവിനെ പുത്രനെന്നു പരിശുദ്ധ പിതാവ് അഭിവാദ്യം ചെയ്യുന്നു. കത്തോലിക്കരല്ലാത്തവരോ പുറജാതിക്കാരോ ആയ വല്ല രാജാക്കന്മാരേയും ഈദൃശ നാമത്താൽ സംബോധനം ചെയ്യുന്നതായാൽ അതു ക്ഷന്തവ്യമല്ലാത്ത ഒരു സാഹസംതന്നെ ആയിരിക്കും. ‘റോമാസഭ’യുടെ അപരാധങ്ങളുടെ ലിസ്റ്റിൽ ഇതും ഉൾപ്പെടുത്തി കാണേണ്ടതായിരുന്നു.

തോമ്മാരാജാവ് റോമാസഭക്കാരനാണെന്നുതെളിയിക്കുന്നതിനു അദ്ദേഹത്തിൻെറ വല്ല സമ്മതമോ സാക്ഷികളോ ഉദ്ധരിക്കാമോ?” എന്നാണല്ലോ മാസിക ചോദിക്കുന്നതു്. അല്ല എന്നു തെളിയിക്കുന്നതിന്നു അദ്ദേഹത്തിൻെറ വല്ല ലക്ഷ്യവുമുണ്ടെങ്കിൽ ‘കാതോലിക്സഭ’ എടുത്തുകാണിക്കട്ടെ. മലങ്കര സഭയുടേയും തോമ്മാ മഹാരാജാവിൻെറയും പൂൎവ്വിക റിക്കാർട്ടുകൾ നശ്വരങ്ങളായിത്തീൎന്നുപോയെങ്കിൽ ‘റോമാസഭ’യുടെയും മാൎപ്പാപ്പാമാരുടെയും വക അനശ്വരങ്ങളായ വത്തിക്കാൻ റിക്കാർട്ടുകളിലേക്കു ഇനിയും നമുക്കു പ്രവേശിക്കാം. ഇരുപത്തിരണ്ടാമത്തെ യോഹന്നാൻ മാൎപ്പാപ്പാ ഇതിനു മുമ്പു വാണിരുന്ന വേറൊരു മഹാരാജാവിനു അയച്ചിട്ടുള്ള ഒരു എഴുത്തിൻെറ പകൎപ്പും അവിടെ കാണുന്നതാണ്. “ന

സ്രാണികളുടെ അധിപതിയായ പ്രഭുവിന്റെയും അദ്ദേഹത്തിന്റെ കീഴിൽ കൊല്ലത്തുള്ള സകല നസ്രാണികളുടെയും സംരക്ഷണയ്ക്കു, മെത്രാൻ പദത്തിലേക്കു നമ്മാൽ ഉയർത്തപ്പെട്ടവനും, ഡൊമിനിക്കൻ സന്യാസിയും, വന്ദ്യ സഹോദരനും കൊല്ലത്തെ മെത്രാനുമായ ജോർഡൻ കത്തലീനിയേ നാം ഭരമേല്പിക്കുന്നു" എന്നു തുടങ്ങുന്ന തിരുവെഴുത്തും, ചില്ലാർവട്ടം രാജാവിനും അദ്ദേഹത്തിന്റെ കീഴിലുള്ള നസ്രാണികൾക്കും റോമ്മാ സിംഹാസനത്തോടുണ്ടായിരുന്ന ബന്ധത്തെ പ്രദ്യോതിപ്പിക്കുന്നുണ്ടു്.

## ഞാനും ഒരു ക്രിസ്ത്യാനിയാകുന്നു.

(ഒരു ചരിത്ര കഥ.)

### III.

ജൂലീത്തായുടെ സമയം വന്നുചേന്നു. അവൾ വാത്സല്യപുത്രന്റെ കരങ്ങളെ പിടിച്ചുകൊണ്ടും മന്ദസ്മിതം തൂകിക്കൊണ്ടും ആ ക്രൂര ന്യായാസനത്തിങ്കലേക്കടുത്തു. സകലരുടേയും ദൃഷ്ടി അവരുടെനേരെ തിരിഞ്ഞു. ആ ജനസമൂഹത്തിൽ അവർണ്ണനീയമായ ഒരു നിശബ്ദത വ്യാപിച്ചു. നമ്മുടെ കുഞ്ഞുകുര്യാക്കോസ് മാതൃകരങ്ങളെ പിടിച്ചുകൊണ്ടും ഇരുവശത്തുമുള്ള ജനങ്ങളെ നോക്കി പുഞ്ചിരിപൂണ്ടുകൊണ്ടും നടക്കുന്ന കാഴ്ച ഒന്നു കാണേണ്ടതുതന്നെ ആയിരുന്നു. അവിടെ കാണപ്പെട്ട രൂക്ഷന്മാരായ സേവകന്മാരും, ചമ്മട്ടി, കൊരടാവാദിയായ ഭയങ്കര പീഡായുധങ്ങളും അവന്റെ ആനന്ദത്തിനു അല്പംപോലും കുറവുവരുത്തിയില്ല.

ഈ ഭാഗ്യപ്പെട്ട മാതാവിനേയും പുത്രനേയും കണ്ടക്ഷണത്തിൽ അവർ തന്നെയാണ് ഡൊമത്തിസന്റെ എഴുത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള ആളുകൾ എന്നു ക്രൂരനായ അലക്സാണ്ടർ മനസ്സിലാക്കി. എങ്കിലും "നിങ്ങളുടെ പേരും സ്ഥാനവും ദേശവും ഏവ?" എന്നു അവൻ ഇടിനാദംപോലുള്ള സ്വരത്തിൽ അവരോടു ചോദിച്ചു. അക്ഷമതയോടുകൂടി ആ ജഡ്ജിയെതന്നെ നോക്കിക്കൊണ്ടുനിന്ന സ്വപുത്രനെ തലോടിക്കൊണ്ടു ജൂലീത്താ ഇപ്രകാരം ഉത്തരിച്ചു. "എന്റെ ഊരും പേരും അറിയേണ്ട ആവശ്യം നിങ്ങൾക്കില്ലല്ലൊ. ഞാൻ ഒരു ക്രിസ്ത്യാനിയാണു." ഈ മറുപടി തീരെ രസിക്കാത്തഭാവം കാണിച്ച ആ ന്യായാധിപനെ വകവയ്ക്കാതെ അവൾ വീണ്ടും സ്വപുത്രനെ പിടിച്ചുതഴുകുന്നതു കണ്ടിട്ടു കോപാന്ധനായ അലക്സാണ്ടർ "സ്ത്രീയെ നിനക്കു കളിക്കാനുള്ള സ്ഥലമിതല്ലെന്നു ധരിച്ചുകൊള്ളണം. കോടതി അലക്ഷ്യപ്പെടുത്താതെ സൂക്ഷിച്ചില്ലെങ്കിൽ അനുഭവം വേറെയായിരിക്കും. ആ കുട്ടിയെ ഇങ്ങോട്ടു വിടുക. കുട്ടീ! നീ ഇവിടെ വാ" എന്നു അയാൾ പറഞ്ഞതുകേട്ടു തന്റെ മാതാവിനെ ആശ്ലേഷിച്ചുകൊണ്ടു കുഞ്ഞുകുര്യാക്കോസ് കരഞ്ഞുതുടങ്ങി.

എടാ കുട്ടീ! നിന്നോടു ഇവിടെ വരാനാണു പറഞ്ഞതു്. നിന്റെ കരച്ചിൽ ഞാൻ ഇപ്പോൾതന്നെ മതിയാക്കും. എടോ സേവകാ! അവനെ ഇവിടെ പിടിച്ചുകൊണ്ടുവരു? എന്നുള്ള അലക്സാണ്ടരുടെ കല്പന കേട്ടമാത്രയിൽ ഒരു ക്രൂരനായ പടയാളി ആ ശിശുവിനെ അവന്റെ മാതാവിൽനിന്നും ബലമായി വിടുവിച്ചു. അപ്പോൾ ജൂലിത്താ മകനെ കെട്ടിപ്പിടിച്ചു ചുംബിച്ചുകൊണ്ട് "എന്റെ കുഞ്ഞു പൊയ്ക്കൊള്ളുക. എന്റെ മകനെ ഈശോ തമ്പുരാൻ രക്ഷിക്കും" എന്നു പറഞ്ഞ് തന്റെ വാത്സല്യ കുമാരനെ ദൈവത്തിനു കയ്യാളിച്ചുകൊണ്ട് അവസാന യാത്രപറഞ്ഞു. കുട്ടി നിലവിളിച്ചുംകൊണ്ടു ആ ദുഷ്ടാധിപന്റെ അടുക്കൽ ചെന്നുനിന്നു. സമ്മാനങ്ങൾ

കൊടുക്കാമെന്നും മററും പറഞ്ഞു അവനെ സമാധാനപ്പെടുത്താൻ അയാൾ ശ്രമിച്ചു. കുട്ടിയാകട്ടെ "എന്നെ വിട്ടയച്ചാൽമാത്രംമതി" എന്നുപറഞ്ഞിടമുറിയാതെ നിലവിളിച്ചിരുന്നു. അയാൾ ഭയപ്പെടുത്തിനോക്കി. അതുകൊണ്ടും, ഫലമൊന്നും ഉണ്ടായില്ല.

കരഞ്ഞുകൊണ്ടുനിന്ന ജൂലീത്തായെ പടയാളികൾ അലക്ക്സാണ്ടരുടെ കല്പനപ്രകാരം അതേസമയത്തുതന്നെ അടുത്തൊരു മുറിയിൽവച്ചു പീഡകൾ ഏൽപ്പിക്കുന്നുണ്ടായിരുന്നു. തൻെറ പ്രിയ മാതാവിൻെറ ദീനസ്വരത്തെ ശ്രവിച്ച കുഞ്ഞുകുര്യാക്കോസ് അല്പനേരം നിശബ്ദനായ് നിന്നു. 'ഞാൻ ഒരു ക്രിസ്ത്യാനിയാകുന്നു' എന്നുള്ള തൻെറ മാതാവിൻെറ ശബ്ദം മനസ്സിലായ ഉടനെ ആ കുഞ്ഞു "ഞാനും ഒരു ക്രിസ്ത്യാനിയാകുന്നു" എന്നു ഉച്ചത്തിൽ പറഞ്ഞതും ആ ക്രൂര ന്യായാധിപൻ അവൻെറ കാലിൽപ്പിടിച്ചു മേശമേൽ അടിച്ചതും ഒരുമിച്ചുകഴിഞ്ഞു. ഈ കാൎയ്യ മനുഷ്യഹൃദയത്തോടുകൂടിയവരായി അവിടെ ഉണ്ടായിരുന്ന സകലരേയും അനിർവചനീയമായ വ്യസനത്തിനു പാത്രവാന്മാരാക്കി. എങ്കിലും ദുഷ്ട ഹേറോദേസിൻെറ വാളാൽ വേദസാക്ഷിമുടിക്കു അർഹന്മാരായ ആ കുഞ്ഞിപ്പൈതങ്ങളുടെ ഗണത്തിലേക്കു ഒരുവൻകൂടി ചേൎക്കപ്പെട്ടു എന്നുള്ള വിചാരം ക്രിസ്തീയ ഹൃദയങ്ങൾക്കു അത്യന്തം ആശ്വാസം നൽകി.

ഹാ! ആ വിശുദ്ധ ശിശുവിൻെറ ശരീരം ഇതാ അലക്ക്സാണ്ടരുടെ പാദപീഠത്തുങ്കൽ കിടക്കുന്നു. ആത്മാവാകട്ടെ ആനന്ദതുന്ദിലയായി നിരവധി മാലാഖാമാരുടെ അകമ്പടിയോടുകൂടി സ്വൎഗ്ഗവാതുക്കൽ ചെല്ലുന്നതും, അവിടെ അവൻെറ സഹോദരന്മാരായ കൊച്ചുവേദസാക്ഷികൾ അവനെ വാദ്യഘോഷങ്ങളോടുകൂടി എതിരേററു അവരുടെ മഹാരാജ്ഞിയുടെ അടുക്കലേക്കു ആനയിക്കുന്നതും, രക്തസാക്ഷികളുടെ ആ രാജ്ഞി ഈ ബാലസഹദായെ സ്നേഹപുരസ്സരം സ്വീകരിക്കുന്നതുമായ കാൎയ്യ ജൂലീത്താ തൻെറ കഠിനവേദനകൾക്കിടയിൽ സ്വപ്നത്തിൽ എന്നപോലെ കണ്ടു ആനന്ദപരവശയായിത്തീൎന്നതിൽ അതിശയിപ്പാനില്ലല്ലൊ.

ആ ദുഷ്ടപ്പടയാളികൾ അവളെ അനേകം പീഡകളേല്പിച്ചിട്ടും ഫലമൊന്നുമില്ലെന്നുകണ്ടു് വീണ്ടും ഖലനായ അലക്ക്സാണ്ടരുടെ മുമ്പാകെ അവളെ കൊണ്ടുവന്നു. "ഒ! ദുഷ്ടസ്ത്രീ! നിൻെറ അനുസരണക്കേടിൻെറ ഫലം നിൻെറ പുത്രൻ ഇതാ അനുഭവിച്ചുകഴിഞ്ഞു" എന്നു പറഞ്ഞു ആ ശിശുശരീരത്തെ ആ ദുഷ്ടൻ കാലുകൊണ്ടുതൊഴിച്ച് ദൂരെ എറിഞ്ഞതുകണ്ടിട്ടു ജൂലീത്താ സന്തോഷത്തോടുകൂടി "ഹാ! ദൈവത്തിനു സ്തുതി; എൻെറ കുഞ്ഞു അവൻെറ നിത്യസമ്മാനം പ്രാപിച്ചുകഴിഞ്ഞു. ഇനി എനിക്കു ലേശവും ഭയമില്ല" എന്നു വിളിച്ചുപറഞ്ഞു. ഇതുകേട്ടു അലക്ക്സാണ്ടർ അവളെ വീണ്ടും പീഡിപ്പിക്കുന്നതിനായി ആയുധങ്ങളും തിളയ്ക്കുന്ന എണ്ണ മുതലായവയും വരുത്തി. "ജൂലീത്താ! നിന്നെപ്പററി വിചാരിക്കുക. നിൻെറ രക്ഷയ്ക്കുവേണ്ടി ഞങ്ങളുടെ ദേവന്മാൎക്കു പൂജിക്കുക" എന്നു ശാന്തസ്വരത്തിൽ പലരും അവളോടു അഭ്യൎത്ഥനംചെയ്തു. "ഞാൻ ഒരിക്കലും കള്ളദേവന്മാൎക്കു പൂജിക്കയില്ല. സത്യദൈവത്തിൻെറ ഏക പുത്രനായ ഈശോമിശിഹായിൽ ഞാൻ വിശ്വസിക്കുന്നു. അതുമാത്രം ഏവൎക്കും രക്ഷാമാൎഗ്ഗം" എന്നു വീണ്ടും അവൾ മറുപടി നൽകിയ ഉടനെ അവളുടെ ശിരച്ഛേദനത്തിനു അയാൾ കല്പനകൊടുത്തു.

കുലക്കളത്തിൽ ചെന്നയുടനെ ജൂലീത്താ മുട്ടിന്മേൽനിന്നു, ദൃഷ്ടികളെ അകാശത്തിലേക്കുയൎത്തികൊണ്ടു് "എൻെറ ദൈവമേ! എൻെറ പ്രിയ പുത്രനു നിൻെറ മഹത്വത്തിൻെറ രാജ്യത്തിൽ സമ്മാനം നൽകിയതിനെക്കുറിച്ചു നന്ദിയേറിയ മനസ്സോടുകൂടി നിനക്കു സ്തോത്രം ചെയ്യുന്ന ഇവളേയും ആ ഭാഗ്യത്തിനു അവകാശിയാക്കേണമെ" എന്നു പ്രാൎത്ഥിച്ചു. ഉടനെതന്നെ ഒരു പടയാളി അവൻെറ ക്രൂരകൃത്യം നിൎവ്വഹിക്കുകയും ചെയ്തു. അവളുടെ അപേക്ഷ ദൈവം കൈക്കൊണ്ടു. അവളുടെ പുത്രനെ അവൾ അനുഗമിച്ചു. അവർ എന്നെന്നേക്കും സ്വരുമിച്ചുതന്നെ ജീവിക്കയും ചെയ്യും.

ഈ വേദസാക്ഷികളുടെ മൃതശരീ

രങ്ങൾ കാട്ടുമൃഗങ്ങൾക്കു എറിയപ്പെട്ടുവെങ്കിലും അവരുടെ ദാസിമാർ അവയെ എടുത്തു രഹസ്യമായി യഥായോഗ്യം സംസ്കരിച്ചു. ഡയൊക്ലെഷ്യന്റെ പിൻഗാമിയായി വാണ കൊൺസ്റ്റന്റൈൻ സത്യവേദത്തിനു സ്വാതന്ത്ര്യം നൽകിയപ്പോൾ, ഈ ശവകുടീരങ്ങൾ ആരാധനസ്ഥലങ്ങളായി പരിണമിച്ചു. ജൂൺമാസം ൧൬-ാംനു- ഈ വേദസാക്ഷികളുടെ തിരുനാൾ കൊണ്ടാടപ്പെടണമെന്നു തിരുസഭ നിശ്ചയിച്ചിരിക്കുന്നു. ഇന്നും ഗ്രീക്കുകാർ, അർമ്മേനിയർ, മുസ്കോവിയർ, സുറിയാക്കാർ ആദിയായവർ ഈ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുന്നു. ഇംഗ്ലീഷ്കാർ ഈ ശിശു വേദസാക്ഷിയെ പ്രത്യേകവിധത്തിൽ വണങ്ങിവരുന്നതിന്റെ ലക്ഷ്യമായി ഇന്നും വി. കുര്യാക്കോസിനു പ്രതിഷ്ഠിക്കപ്പെട്ട അനേകം സ്ഥാപനങ്ങൾ ഇംഗ്ലണ്ടിൽ കാണ്മാനുണ്ട്.

കാപ്പിൽ കുര്യാക്കോസു ശമ്മാശൻ.

## കർമ്മെലനാഥയുടെ കുഞ്ഞുമക്കൾക്കു.

### "നിങ്ങളിലൊരുവൻ."

പ്രിയ കുഞ്ഞുങ്ങളേ,

നമ്മുടെ ദിവ്യരക്ഷനാഥൻ ഒരിക്കൽ ഒരുപമ അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കുമല്ലോ. വിതക്കാരൻ വിത്തു വിതയ്ക്കുവാൻ പുറപ്പെട്ടു; ചില വിത്തുകൾ വഴിയരികിൽ വീണു; വേറേ ചിലതു പാറമേൽ വീണു; മററു ചിലതു മുള്ളുകൾക്കിടയിൽവീണു. ഇതെല്ലാം ഫലം നൽകാതെ ഓരോ വിധത്തിൽ നഷ്ടപ്പെട്ടുപോകയാണുണ്ടായതു്. എന്നാൽ നല്ലമണ്ണിൽ വീണ വിത്തുകൾ മാത്രം വളൎന്നു നൂറുമേനി വിളവുണ്ടായി.



ദൈവവചനം കേൾക്കുന്ന പലതരത്തിലുള്ള ആളുകളെപ്പററിയാണു താനിവിടെ അരുളിച്ചെയ്തിരിക്കുന്നതു്.

ഇപ്രകാരം തന്നേ 'കുസുമ'ത്തിൽ ഞാൻ നിങ്ങൾക്കായി വിതയ്ക്കുന്ന ഈ വിത്തുകൾ ഏതെല്ലാം തരം മണ്ണുകളിൽ വീഴുന്നുണ്ടായിരിക്കുമെന്നു പലപ്പോഴും ഓൎമ്മ തോന്നിയിട്ടുണ്ടു്. വഴിയരികിൽ വീണു യാത്രക്കാർ ചവുട്ടിക്കളഞ്ഞും ആകാശപറവകൾ കൊത്തിത്തിന്നും എന്തുമാത്രം നഷ്ടപ്പെട്ടിട്ടുണ്ടായിരിക്കും! പാറമേൽ വീണു കരിഞ്ഞുപോയ തരവും ഉണ്ടാകും! മുള്ളുകളുടെ ഇടയിൽ വീണു മുരണ്ടുപോയിട്ടുള്ളതും കാണാതിരിക്കയില്ല. നല്ല മണ്ണിൽ വീണു നൂറു വിളവു ഫലം ചെയ്തിട്ടുള്ളവ എത്ര കാണുമായിരിക്കുമെന്നു നിങ്ങൾ തന്നേ ഓൎത്തു നോക്കുവിൻ! നമുക്കു അതു തീൎച്ച പറവാൻപാടില്ല. എങ്കിലും ഹൃദയങ്ങളെ കാണുന്നവനായ ദൈവത്തിനു് എല്ലാം നല്ലപോലെ അറിയാം. എന്നാൽ ചിലപ്പോൾ നമുക്കും കാണത്തക്ക ഫലങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളതിനു സംശയമില്ല. ഇതാ ഇപ്രകാരം കർമ്മെലനാഥയുടെ കുഞ്ഞുമക്കളായ നിങ്ങളിൽ ഒരുവനിൽനിന്നു പുറപ്പെട്ട കാണത്തക്ക ഒരു ഫലമാണു ഇത്തവണ നിങ്ങളേ ഞാൻ കാണിച്ചു തരുന്നതു്. എന്റെ പക്കൽ വന്നിട്ടു കുറേ അധികം നാളായ ഒരു എഴുത്താണിതു്. അപാരമായ സന്തോഷത്തോടുകൂടെ ഞാനതു വായിച്ചു; തക്കതായ മറുവടിയും ഉടനെ കൊടുത്തു. നിങ്ങളുടെ അറിവിനായിട്ടു ഉടൻ തന്നേ അതു പ്രസിദ്ധപ്പെടുത്തണമെന്നു കരുതിയിരുന്നു. പക്ഷേ അതു ആ കുട്ടിയുടെ ഹൃദയത്തിൽ നിന്നു തന്നേ വന്നിട്ടുള്ള

താണോ, അതോ അന്യ ആളുകളുടെ പ്രേരണയാലോ സഹായത്തോടുകൂടിയോ ഉണ്ടായിട്ടുള്ളതാണോ എന്നു തീർച്ച അറിയുന്നതിലേക്കു ഇത്രത്തോളം താമസിച്ചതാണ്. പിന്നീടുള്ള അന്വേഷണംകൊണ്ടും എഴുത്തുകുത്തുകൾകൊണ്ടും, വസ്തുത മുഴുവൻ ബോദ്ധ്യപ്പെട്ടു. ഇതാ നിങ്ങളുടെ പ്രയോജനത്തിനായി എഴുത്തു മുഴുവൻ ഇവിടെ പകർത്തുന്നു:—

ഞങ്ങളുടെ കൊച്ചച്ചനു്.

ഏററം ബ. പിതാവേ!

എനിക്കു അങ്ങയെ കണ്ടു പരിചയപ്പെടുന്നതിനു ഇടയായിട്ടില്ലെങ്കിലും കേട്ടുപരിചയം ധാരാളമുണ്ട്. അവിടത്തെ ലേഖനങ്ങൾ വഴിയായി തമ്മിൽ സംഭാഷിക്കുന്നതിനുകൂടി എനിക്കു ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. അവ ടുന്ന കുസുമത്തിൽ തുടരെത്തുടരെയായി എഴുതികൊണ്ടിരിക്കുന്ന ലേഖനങ്ങൾ അങ്ങേക്കു ഞങ്ങളോടുള്ള വാത്സല്യാതിരേകത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ടല്ലോ. അങ്ങു ഞങ്ങളുടെ കൊച്ചച്ചൻ, ഞങ്ങൾ അങ്ങെ വാത്സല്യ മക്കൾ. എനിക്കു അങ്ങെയുടെ പക്കൽ വരുന്നതിനും എൻെറ ആഗ്രഹങ്ങളെല്ലാം അങ്ങെയോടു പറഞ്ഞു, അവിടത്തെ ഉപദേശം കേട്ടു തദനുസരണം ജീവിക്കുന്നതിനും അതിയായ ആഗ്രഹമുണ്ട്. അതിനു ഇപ്പോൾ എനിക്കു സാധിക്കായ്കയാൽ ഈ എഴുത്തുമൂലം ഞാനങ്ങയെ പക്കലേക്കു ഓടിവരുന്നു.

ബ. അച്ചാ,

എനിക്കു വി. ളൂയീസ് ഗോൻസാഗായുടെയും. വി. സ്റ്റനിസ്ലാവോസെൻെറയും, സാവിയൊ ഡൊമ്മിനി എന്ന പുണ്യബാലൻെറയും ജീവചരിത്രങ്ങൾ വായിക്കുന്നതിനു ഭാഗ്യമുണ്ടായിട്ടുണ്ട്. ഇവരേകദേശം എൻെറ പ്രായക്കാരാണല്ലോ. ഞാനും ശ്രമിക്കയാണെങ്കിൽ ഇവരെപ്പോലെയാകാമല്ലോ എന്നെല്ലാമാണു പിന്നീടു എന്നിലുണ്ടായ വിചാരങ്ങൾ. എനിക്കു പുണ്യമായി ജീവിച്ചു—ഇവരെപ്പോലെയാകുന്നതിനു്— ഞാനെന്താണു ചെയ്യേണ്ടതു്? അവിടത്തെ ഉപദേശംപോലെ ഞാൻ ജീവിച്ചുകൊള്ളാം. അതുതന്നെയാണു ദൈവതിരുമനസ്സെന്നു എനിക്കു പൂർണ്ണമായ വിശ്വാസമുണ്ട്. മറുകത്തു അങ്ങെയുടെ സൌകര്യംപോലെ വേഗം തരുവാനപേക്ഷ.

ഞാൻ ജയിച്ചു. ഇപ്പോൾ III form ത്തിലാണ്. അങ്ങേ വിവിധ ജോലികൾക്കിടയിൽ അങ്ങേ അസഹ്യപ്പെടുത്തണമല്ലൊ എന്നെനിക്കു ഖേദംതോന്നുന്നു. എങ്കിലും അങ്ങെയുടെ പ്രയത്നങ്ങൾക്കു ഒരിക്കലും സമ്മാനം തരാതിരിക്കയില്ല. കർത്താവു തന്നെ അങ്ങേക്കു സമ്മാനം തരട്ടെ ഞാനങ്ങേക്കു വേണ്ടി പ്രത്യേകം അപേക്ഷിക്കുന്നുണ്ട്.

ഞാനും ആങ്ങെയുടെ കുഞ്ഞുമക്കളിൽ ഒരുവനാണല്ലൊ. ഒരു ചുരുങ്ങിയ കാലത്തിനിടക്കു നാമിരുവരും ഒരു സ്ഥലത്തു ചേരണമല്ലൊ. അപ്പോൾ എന്നെയും അങ്ങെയുടെ ഒരു കൂട്ടുകാരനാക്കണം. എൻെറ കാര്യമെല്ലാം ഞാനങ്ങയോടു പറഞ്ഞിട്ടുണ്ടല്ലൊ.

ഇനി നമുക്കു പിന്നെ കാണാം.

എന്നു്,

അങ്ങെയുടെ വാത്സല്യപുത്രൻ

(പേരും ഒപ്പും.)

പ്രിയ കുഞ്ഞുങ്ങളേ, ഈ എഴുത്തിനേപ്പററി നിങ്ങൾക്കു എന്തു തോന്നുന്നു? നല്ല മണ്ണിൽ വീണ വിത്തുതന്നേയല്ലയോ? ഈ മാതിരി നിലങ്ങൾ ധാരാളം ഉണ്ടാവാൻ ദൈവം ഇടയാക്കട്ടെ! അതിലേക്കു നിങ്ങൾ പ്രാർത്ഥിക്കയും ശ്രമിക്കയും ചെയ്യാൽ മാത്രം മതി.

എന്നു്,

നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# നാല്പതുമണിയാരാധന.

മാന്നാനം ആശ്രമദേവാലയത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള "നാല്പതുമണിആരാധന" എന്ന മഹോന്നതകർമ്മം ഈ കൊല്ലവും ഉയിപ്പിൻെറ രണ്ടാം ഞാ

യറാഴ്ച കഴിഞ്ഞുവരുന്ന വ്യാഴം, വെള്ളി, ശനി എന്ന ദിവസങ്ങളായ ഏപ്രിൽ 19, 20, 21 എന്നീതീയതികളിൽ നടത്തപ്പെടുവാനിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു.

വി. മത്തായിയുടെ സുവിശേഷം 14-ാം അദ്ധ്യായം 28-ാം വാക്യത്തിൽ "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നു അരുളിച്ചെയ്തിരിക്കുന്ന നമ്മുടെ ദിവ്യരക്ഷകൻ വിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരുന്നുകൊണ്ടു തന്റെ സന്നിധിയിലേക്കു നമ്മെ സദാ ക്ഷണിച്ചുവരുന്നു. മനുഷ്യവർഗ്ഗം മുഴുവൻ ദൈവകോപത്തിന്റെ കഠിന ഫലങ്ങൾ അനുഭവിക്കുന്ന ഈ വിഷമഘട്ടത്തിലാണു സ്നേഹംനിറഞ്ഞ ഈ വിളിയെ കേട്ടു തന്റെ പക്കൽ സങ്കേതം പ്രാപിപ്പാൻ നാം പ്രത്യേകം ശ്രമിക്കേണ്ടതു്. ഇപ്രകാരം നാം ഏകോപിച്ചു പരസ്യമായ ആരാധനകളാലും പരിഹാര പ്രവൃത്തികളാലും ദൈവകോപത്തെ ശമിപ്പിക്കയും നമുക്കും, നമ്മുടെ നാട്ടിനും, നമ്മുടെ മാതാവായ തിരുസഭക്കും വേണ്ട നന്മകളേയും അനുഗ്രഹങ്ങളേയും പ്രാപിക്കയും ചെയ്യേണ്ടതാകുന്നു.



ഈ ദിവ്യ കർമ്മത്തിൽ സംബന്ധിക്കുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതിന്നായി തിരുസഭ കീഴെ കാണുന്ന ദണ്ഡവിമോചനങ്ങൾ ഈ അവസരത്തിലേക്കു കല്പിച്ചരുളിയിട്ടുണ്ടു്.

൧) കുമ്പസാരിച്ചു് വി. കുർബാന ഉൾക്കൊണ്ടു് ആരാധന നടത്തുന്ന ദേവാലയത്തിൽ ആരാധനസമയം കുറേനേരം പ്രാർത്ഥിക്കുന്നവർക്കു് പൂർണ്ണ ദണ്ഡവിമോചനം.

൨) വിശുദ്ധ കുർബാനയെ വണങ്ങി നമസ്കരിക്കുന്ന ഓരോപ്രാവശ്യവും പത്തു വത്സരത്തേയും പത്തു മണ്ഡലത്തേയും ദണ്ഡവിമോചനം.

൩) വി. കുർബാന പരസ്യമായി സ്ഥാപിച്ചു് ആരാധന നടത്തുന്ന ദേവാലയങ്ങളിൽ സമർപ്പിക്കപ്പെടുന്ന എല്ലാ കുർബാനകൾക്കും 'അൾത്താര പ്രിവിലേജിയാത്ത്' (Altare Privilegiatum) ഉണ്ടായിരിക്കുന്നു. ഈ ദണ്ഡവിമോചനങ്ങൾ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു വേണ്ടി കാഴ്ചവെയ്ക്കുകയും ചെയ്യാം.

൪) ആരാധനസമയം അറിയിക്കുന്നതിന്നു മണി കൊട്ടുമ്പോൾ "പരിശുദ്ധ പരമദിവ്യകാരുണ്യത്തിന്നു് എന്നേരവും സ്തുതിയും പുകഴ്ചയുമുണ്ടായിരിക്കട്ടെ" എന്നു ചൊല്ലുന്ന ഓരോ പ്രാവശ്യവും ൧൦൦ ദിവസത്തെ ദണ്ഡവിമോചനം.

മേൽപ്പറയപ്പെട്ട പൂർണ്ണദണ്ഡവിമോചനങ്ങൾ ലഭിക്കുന്നതിന്നു കുമ്പസാരിച്ചു വിശുദ്ധ കുർബാന ഉൾക്കൊള്ളേണ്ടതാകയാൽ, ദൂരസ്ഥരായ ജനങ്ങൾ സ്വന്ത ഇടവകകളിൽ തന്നെ കുമ്പസാരിച്ച ശേഷമോ, അല്ലെങ്കിൽ നേരത്തെ ഇവിടെവന്നു കുമ്പസാരിക്കത്തക്കവണ്ണമോ വന്നു ചേരേണ്ടതാകുന്നു.

എത്രയും പൂജനീയമായ ഈ ദിവസങ്ങളിൽ, പള്ളിയിലും പള്ളിക്കു സമീപസ്ഥലങ്ങളിലും, ആചാരവും മൌനവും അടക്കമൊതുക്കവും കൃത്യമായി അനുഷ്ഠിക്കണമെന്നു പ്രത്യേകം ഓർപ്പിച്ചുകൊള്ളുന്നു.

ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികളെ കുമ്പസാരിപ്പിക്കുന്നതിലേക്കും, ആരാധനസംബന്ധമായ കർമ്മങ്ങളെല്ലാം ഭംഗിയായി നിർവഹിക്കുന്നതിലേക്കും ബ. അച്ചന്മാരുടെ സഹായം ഞങ്ങൾക്കു ഒഴിച്ചുകൂടാത്തതാകയാൽ അവർ കാലേക്കൂട്ടി വന്നു ചേരുവാറാകണമെന്നും, ബ. വികാരി അച്ചന്മാരും അസിസ്റ്റേന്തി അച്ചന്മാരും ആരാധനയുടെ വിവരം ജനങ്ങളെ തെര്യപ്പെടുത്തണമെന്നും അപേക്ഷിക്കുന്നു.

ആരാധന കഴിഞ്ഞുവരുന്ന ഞായറാഴ്ച പതിവുപോലെ നമ്മുടെ പിതാവു് മാർ യൌസേപ്പിന്റെ മാദ്ധ്യസ്ഥതിരുനാളും കൊണ്ടാടപ്പെടുന്നതാണു്. കത്തോലിക്കാ സഭയുടെ പൊതുമദ്ധ്യസ്ഥനായി നിയമിക്കപ്പെട്ടിരിക്കുന്ന ഈ പിതാവിന്റെ പക്കൽ പോകേണ്ട ആവശ്യം

കത്തോലിക്കാ സഭയ്ക്കു മുഴുവനും ഓരോ കുടുംബങ്ങൾക്കു പ്രത്യേകിച്ചും എത്രയുണ്ടെന്നു പറയേണ്ടതില്ലല്ലോ. ആകയാൽ യഥായോഗ്യം ഈ തിരുനാൾ കൊണ്ടാടി നമ്മുടെ മദ്ധ്യസ്ഥൻെറ കൃപാവരങ്ങൾ ധാരാളമായി പ്രാപിക്കുന്നതിലേക്കു എല്ലാവരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്നു നിങ്ങളുടെ എളിയ ശുശ്രൂഷി മാന്നാനം കൊവേന്തയുടെ പ്രിയോർ

ക. നി. മൂ. സ. ആ. യൌസേപ്പു് അന്തോനി പട്ടക്കാരൻ.

# തിരുഹൃദയ ഭക്തന്മാർ ൧൯൨൮ മേടമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"കത്തോലിക്കാ പൌരന്മാരുടെ ചുമതലകൾ."

ദൈവപുത്രനായ മ്ശിഹാ തൻെറ സഭയെ ഈ ലോകത്തിൽ സ്ഥാപിച്ചിരിക്കുന്നതു പരിപൂർണ്ണമായ സകല അവകാശങ്ങളോടുംകൂടിയ ഒരു ദൃശ്യസമുദായമായിട്ടാണ്. എന്നാൽ ഈ സഭ ലോകത്തിലാണു സ്ഥിതിചെയ്യുന്നതു്; ആകയാൽ അതിൻെറ അംഗങ്ങൾ ലൌകികസമുദായത്തിൻെറ അംഗങ്ങൾകൂടെ ആയിരിക്കുന്നു. അതിനാൽ ഒരു കത്തോലിക്കൻ ഒരേ സമയത്തുതന്നെ, ആദ്ധ്യാത്മികങ്ങളായ അന്ത്യങ്ങളോടുകൂടിയ ഒരു ആദ്ധ്യാത്മിക സമുദായത്തിൻേറയും, ലൌകികമായ ഉദ്ദേശങ്ങളോടു കൂടിയ ഒരു ലൌകിക സമുദായത്തിൻേറയും അംഗമായിട്ടാണ് ഇരിക്കുന്നതു്. രണ്ടു യജമാനന്മാർക്കു പരികർമ്മം ചെയ്യുകയെന്നുള്ളതു കേവലം അസാദ്ധ്യമാണിട്ടു നമ്മുടെ ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്തിട്ടുണ്ടെങ്കിലും, വ്യത്യസ്ഥങ്ങളായ ഈ ഇരുവക സമുദായങ്ങളെ സംബന്ധിച്ചുള്ള ചുമതലകൾ നിർവ്വഹിച്ചുപോകേണ്ട വിധം താൻതന്നെ തെളിവായി നമ്മെ പഠിപ്പിച്ചിട്ടുണ്ടു്. "കേസറിനുള്ളതു കേസറിനുകൊടുക്കുക, ദൈവത്തിനുള്ളതു ദൈവത്തിനു കൊടുക്കുക" എന്ന പ്രമാണം ഒരു കത്തോലിക്കപൌരൻ തൻെറ മാനദണ്ഡമായി പിടിച്ചു പ്രവൃത്തിക്കേണ്ടതാകുന്നു.



ന്യായമായ ലൌകികാധികാരത്തിനു ചെല്ലേണ്ടതായ ബഹുമാനാദരങ്ങൾ പ്രദർശിപ്പിക്കുന്നതിനു പാപത്തിൻകീഴ് ഒരു കത്തോലിക്കനു കടമയുണ്ടു്. വ്യവസ്ഥാപിതങ്ങളായ എല്ലാ നിയമങ്ങളേയും അപ്രകാരംതന്നെ അവൻ അനുസരിക്കേണ്ടതാകുന്നു. മേലധികാരിയുടെനേക്ക് അവൻ വിശ്വസ്തനായിരിക്കണം. അധികാരത്തിനെതിരായുള്ള യാതൊരു ദുരാലോചനയിലും അവനു ഭാഗഭാക്കാകാൻ പാടില്ല. എന്നല്ല ന്യായാനുസൃതമല്ലാത്ത നിലയിൽ അധികാരപ്രാപ്തരായിട്ടുള്ളവരുടെ നേർക്കുപോലും, സമുദായ സമാധാനപരിപാലനാർത്ഥം, ഈവക കടമകളെ അവർ തികയ്ക്കേണ്ടിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ദൈവപ്രമാണത്തിനു പ്രതികൂലമല്ലാത്ത ഘട്ടങ്ങളിലെല്ലാം ലൌകികാധികാരത്തെ അവർ അനുസരിക്കതന്നെ ചെയ്യണം. എന്നാൽ സഭയുടെ പ്രമാണങ്ങൾക്കും ദൈവാജ്ഞകൾക്കും വിരോധമായി പ്രവൃത്തിക്കുന്നതിനു ലൌകികസമുദായം എപ്പോൾ അവനോടു് ആവശ്യപ്പെടുന്നുവോ, അപ്പോൾ ജീവനെ

ള്ളാലും പരിഗണിക്കാതെ അതിനോട്ട് അവൻ എതൃക്കേണ്ടിയിരിക്കുന്നു. എന്തുവന്നാലും ദൈവത്തിനുള്ളതു ദൈവത്തിനു തന്നെ കൊടുക്കുന്നതിലേക്കു ധൈൎയ്യസമേതം പോരാടുന്നതിൽ അവൻെറ കത്തോലിക്കാ പൌരധൎമ്മം അടങ്ങിയിരിക്കുന്നു. ഇതിനായി സഭയുടെ ആരംഭംമുതൽ രക്തം ചിന്തി പ്രാണനെ ബലികഴിച്ചിട്ടുള്ള കോടാകോടി ജനങ്ങളുടെ സ്മരണയാണു തദവസരങ്ങളിൽ അവൻെറ ദൃഷ്ടിപഥത്തിലെത്തേണ്ടതു്. ഇതിൽനിന്നും അവൻ വ്യതിചലിച്ചാൽ കത്തോലിക്കാസഭയുടെ പൌരാവകാശം അവനു നഷ്ടീഭവിക്കുന്നു; നിത്യഭാഗ്യത്തിൻെറ ഓഹരി അവനു കിട്ടാതാകുന്നു. ഇപ്രകാരമുള്ള ധീരത കത്തോലിക്കാ പൌരന്മാരിൽ സൎവ്വത്ര പ്രത്യക്ഷപ്പെടുന്നപക്ഷം നരകനായികളുടെ കരകളെ സഭയ്ക്കു ഒരിക്കലും ഭയപ്പെടുന്നതിനു ആവശ്യമുണ്ടാകുന്നതല്ല. ഈവിധമുള്ള ആപല്ക്കരസന്ദൎഭങ്ങളിൽ കത്തോലിക്കർ തങ്ങളുടെ പൌരധൎമ്മം ഓൎത്തു പ്രവൎത്തിക്കുന്നതിനു തിരുഹൃദയ ഭക്തന്മാർ ഈമാസത്തിൽ പ്രത്യേകിച്ചു പ്രാൎത്ഥിപ്പാറാകണം.

ഇടവമാസം.

“സമാധാനത്തിൻെറ രാജ്ഞിയോടുള്ള പ്രാൎത്ഥന”.

# പുതിയ പ്രസിദ്ധീകരണങ്ങൾ.

1. വേദവ്യാസം.

കോൺവേർഷ്യൻ ലീഗു.
പുത്തൻപള്ളി സെമ്മിനാരി— വരാപ്പുഴ.
വില 2 അണ.

ലീഗുവക ൧൩-ാം നമ്പരായി പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ലഘുലേഖ കേരളീയ ലാററിൻ കൎമ്മലീത്താ സഭയിൽപെട്ട റവ. ഫാദർ ലൂയീസ് അവർകൾ എഴുതിയിട്ടുള്ളതാണ്. മതം സംബന്ധിച്ചു കഴിഞ്ഞ ലക്കങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളെയെല്ലാം ക്രോഡീകരിച്ചും ഹിന്തുമതത്തേപ്പററി ശാസ്ത്രീയമായി ശോധനകഴിച്ചും, ഒടുവിൽ ക്രിസ്തുമതത്തിൻെറ ദൈവപ്രകാശനത്തെ സയുക്തികമായി സ്ഥാപിച്ചും എഴുതിയിട്ടുള്ള ഈ ചെറുപുസ്തകം കേരളത്തിൻെറ താൽക്കാലികാവസ്ഥയ്ക്കു ഉപയുക്തമായ ഒരു ‘വേദവ്യാസ’മാണെന്നുള്ളതിനു രണ്ടുപക്ഷമുണ്ടാകുന്നതല്ല.

2. വൈദികൻ.

റാസ എന്ന തിരുകൎമ്മത്തിൻെറ സാരം.

മാർ തോമ്മാശ്ലീഹാ പ്രസ്സ്,
പുത്തൻപള്ളി — വരാപ്പുഴ.

കളപ്പുരയ്ക്കൽ ബ. അന്ത്രയോസു മല്പാനച്ചൻെറ പ്രസാധകത്വത്തിൽ ‘വേദപ്രകാശികാവലി’ എന്ന പേരിൽ ഖണ്ഡശഃ പ്രസിദ്ധീകരിപ്പാനിരിക്കുന്ന ഗ്രന്ഥശേഖരത്തിൻെറ ഒന്നാം പുസ്തകമാണിതു്. സുറിയാനി റീത്തിൽ അനുഷ്ഠിക്കപ്പെട്ടുപോരുന്ന അനേക തിരുകൎമ്മങ്ങളുടെ സാരാൎത്ഥം പൊതുജനങ്ങൾക്കു സുഗമമാക്കിത്തീൎക്കുന്നതിലേക്കുള്ള മല്പാനച്ചൻ അവൎകളുടെ ഈ ശ്രമം സൎവ്വഥാ അഭിനന്ദനീയമായിരിക്കുന്നു. റാസക്രമത്തിൻെറ സാരാൎത്ഥത്തേക്കുറിച്ചു, സംഭാഷണരീതിയിൽ സരസമായി ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. ‘റാസ’ എന്ന പദത്തിൻെറ അൎത്ഥംതന്നെ രഹസ്യമെന്നാണല്ലോ. അനേക രഹസ്യങ്ങൾ അടങ്ങിയിരിക്കുന്ന ഈ തിരുകൎമ്മത്തിൻെറ വ്യാഖ്യാനംസംബന്ധിച്ച് ഈ കൃതിയിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളെപ്പററി വല്ലവൎക്കും വല്ല അഭിപ്രായവ്യത്യാസമുണ്ടാകുമെങ്കിൽ അതിൽ ആശ്ചൎയ്യപ്പെടാനില്ല. ‘പ്രകാശികാവലി’ അചിരേണ പൂൎണ്ണമായി പ്രകാശിച്ചു കാണ്മാൻ ഞങ്ങൾ സൎവ്വേശ്വരനേ പ്രാൎത്ഥിച്ചുകൊള്ളുന്നു.

3. വി. ഇഗ്നേഷ്യസ് ലൊയോളായുടെ ജീവചരിത്രം.

ടി. പി. ഇഗ്നേഷ്യസ്,
സ്കൂൾ മാസ്റ്റർ, ഇരിങ്ങാലക്കട.

വില ൩ അണ

വിശുദ്ധന്മാരുടെ ജീവചരിത്രപാരായണംകൊണ്ടുതന്നേ മാനസാന്തരപ്പെട്ടു പുണ്യപൂർണ്ണത പ്രാപിച്ചിട്ടുള്ള ഒരു വിശ്രുത പുണ്യാത്മാവാണ് ഈശോസഭാസ്ഥാപകനായ സെൻറു ഇഗ്നേഷ്യസ് ലൊയോളാ. ഞങ്ങളുടെ മാന്യ മിത്രമായ മിസ്റ്റർ ഇഗ്നേഷ്യസ് ഇംഗ്ലീഷിൽനിന്നു ഭാഷാന്തരംചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ജീവചരിത്രഗ്രന്ഥം കേരളീയ ക്രിസ്ത്യാനികൾക്കു പൊതുവേ ഒരു അമൂല്യ നിക്ഷേപമായിത്തീരുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. പുസ്തകത്തിൻെറ ആരംഭത്തിൽ പുണ്യവാൻെറ ഒരു ഛായാപടം ചേർത്തിട്ടുള്ളതു് അത്യന്തം രമണീയമായിട്ടുണ്ടു്.

4. ബാലമിത്രം.

പ്രതിമാസ പത്രിക.

മാനേജർ. ബാലമിത്രം തിരുവല്ലാ.
വരിസംഖ്യ– ആണ്ടടക്കം മുൻകൂർ ൧ രൂ.

കുട്ടികളുടെ പ്രയോജനത്തെ ഉദ്ദേശിച്ചു് കഴിഞ്ഞ മാസംമുതൽ പുറപ്പെട്ടുതുടങ്ങിയിരിക്കുന്ന ഈ പുതിയ സഹജീവിക്കു ഞങ്ങൾ ദീർഘായുസ്സു ആശംസിച്ചുകൊള്ളട്ടെ. ഒന്നാം ലക്കം വേഷംകൊണ്ടും വിഷയംകൊണ്ടും ആകർഷണീയമായിരിക്കുന്നു. ആററുങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു്, ചിത്തിരതിരുനാൾ കൊച്ചുതമ്പുരാനോടും, കാർത്തികതിരുനാൾ കൊച്ചുതമ്പുരാട്ടിയോടുംകൂടി എഴുന്നള്ളിയിരിക്കുന്ന 'മുഖചിത്ര'മാണ് ആരംഭത്തിൽ ചേർത്തിരിക്കുന്നതു്. കഥയില്ലാത്ത അബദ്ധവിചാരങ്ങൾ ബാലഹൃദയങ്ങളിൽ പ്രവേശിപ്പാൻ ഇടയാക്കുന്ന കഥകൾക്കുപോലും ബാലമിത്രത്തിൽ സ്ഥലംകൊടുക്കരുതെന്നു ഞങ്ങൾക്കു ഒരു പ്രത്യേക അപേക്ഷയുണ്ടു്.

---

# വർത്തമാനസംഗ്രഹം.

---

## കേരളം.

നിധീരി–മീനാട്ടൂർ കേസു മിസ്റ്റർ നിധീരിക്കു അനുകൂലമായി വിധിയുണ്ടായിരിക്കുന്നു.

* * *

ജാതിവ്യത്യാസം വേണമോ എന്നു വാദപ്രതിവാദം ചെയ്തു തീർച്ചപ്പെടുത്തുന്നതിനായി കണ്ണൂർ മുൻസിപ്പൽ ഹൈസ്കൂളിൽ വച്ചു ഹിന്തുപ്രമാണികളുടെ ഒരു യോഗം ഈയിട കൂടുന്നതും, സ്ഥാനത്യാഗം ചെയ്തു കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു തദവസരത്തിൽ ഒരു മദ്ധ്യസ്ഥനായി ഹാജരായിരിക്കുന്നതുമാണെന്നറിയുന്നു.

* * *

മാർച്ച് ൨൩-ാംനു- വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു വട്ടിപ്പണക്കേസു വിധിപറഞ്ഞിരിക്കുന്നു. മാർ ദിവന്നാസ്യോസിൻെറ മുടക്കു സാധുവാണെന്നും, അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ അല്ലെന്നുമാണു വിധിയുടെ സാരം. വട്ടിപ്പണം, ട്രസ്റ്റികളെന്ന നിലയിൽ കോനാട്ടു മല്പാനേയും മിസ്റ്റർ സി. ജെ. കുര്യനേയും ഏൽപ്പിക്കേണ്ടതാണ്.

* * *

തിരുവിതാംകൂർ ദിവാൻജി അവർകളുടെ ഉദ്യോഗകാലാവധി മൂന്നു കൊല്ലത്തേക്കു കൂടി നീട്ടുന്നതിനും, ശമ്പളം മൂവായിരം രൂപാ ആയി വർദ്ധിപ്പിക്കുന്നതിനും ആലോചനയുള്ളതായി കേൾക്കുന്നു.

* * *

ഉന്നതവിദ്യാഭ്യാസാർത്ഥം ശീമക്കു പോയിരിക്കുന്ന റവ. ഫാദർ ജോൺ പാലോക്കാരൻ അവർകൾ തിരികെ വരുന്നതിനോടുകൂടി തൃശ്ശൂർ കോളജു ഒന്നാം ഗ്രേഡായി ഉയർത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നതായറിഞ്ഞു സന്തോഷിക്കുന്നു.

* * *

തിരുവിതാംകൂർ പ്രജാസഭയുടെ ൧൯-ാമത്തെ യോഗം മാർച്ച് ൧൨-നു-

## സിദ്ധൌഷധക്കുറിപ്പുകൾ.

ഏരട്ടിമധുരവും ജീരകവും നേർമ്മയിൽ കൂട്ടിപ്പൊടിച്ചു പഴകിയ പശുവിൻ നെയ്യിൽ കുഴച്ചുകൂട്ടി നിറുകയിൽ തളമിട്ടാൽ തലതിരിച്ചിലും മന്ദവും മാറും. ഓർമ്മ ശക്തിഉണ്ടാകയും ചെയ്യും.

[illegible] തേക്കിന്റെ തൊലിവാട്ടാതെ കൊണ്ടുവന്നു പുകച്ചപുക കാലിൽഏല്പിക്കുകയും, അനന്തരം എത്രയും പഴകിയ എരുമനെയ്യു് പുരട്ടുകയും ചെയ്യുംൽ ഉള്ളംകാൽ വിള്ളുകയും തൊലിപോകുകയും ചെയ്യുന്നതുമാറി തൊലിക്കു മൃദുത്വവും സുഖവും ലഭിക്കും.

കാൽവിരൽ കല്ലിന്മേൽ തല്ലി നഖമിളകിയാൽ ഉപ്പുകലക്കിയ വെള്ളത്തിൽ വെളിച്ചെണ്ണ ഒഴിച്ചു തിളപ്പിച്ചു ചെറുചൂടോടുകൂടി ധാരകോരിയാൽ നഖമുറയ്ക്കും പെട്ടന്നുണങ്ങുകയും ചെയ്യും.

"ന. ദീപിക.

---

തിങ്കളാഴ്ച മുതൽ ൯ ദിവസത്തേക്കു പതിവുപോലെ നടന്നിരിക്കുന്നു. ദിവാൻജി അവർകൾ എല്ലാ നിവേദനങ്ങൾക്കും യഥോചിതം മറുപടി പറകയുണ്ടായെന്നുള്ളതല്ലാതെ കൂടുതൽവിശേഷമൊന്നും ഇക്കൊല്ലവും പറയാനില്ല.

* * *

കോട്ടയം സി. എം. എസ് കോളജ്ജ് ആലുവാ യൂണിയൻ കോളജിനോടു സംയോജിപ്പിക്കുന്നതിനു ബിഷപ്പ് ഡോക്ടർ ഗില്ലിന്റെ ആദ്ധ്യക്ഷത്തിൽ കൂടിയ അംഗ്ലിക്കൻ മഹാജന യോഗത്തിൽവച്ചു തീർച്ചയാക്കിയിരിക്കുന്നു.

### ഇൻഡ്യാ.

ദലഗാദപ്പസ്വോലിക്കാ തിരുമനസ്സുകൊണ്ടു ദേഹസുഖാർത്ഥം മാർച്ച് ൨൦നു-മുതൽ മൂന്നുമാസത്തോളം നീലഗിരിയിൽ പോയി താമസിക്കുന്നതും, തദവസരത്തിൽ സെക്രട്ടറി റവ. ഫാദർ പൈനുങ്കൽ അവർകൾ വിശ്രമാർത്ഥം സ്വദേശത്തേയ്ക്കു പോരുന്നതാണെന്നുമറിയുന്നു.

* * *

അഗ്നിബാധയാൽ നശിച്ചുപോയ ബാംഗളൂരിലെ ഒരു ക്രിസ്തീയ ദേവാലയം വീണ്ടു പണിയുന്നതിലേക്കു മൈസൂർ മഹാരാജാവു അവർകൾ അയ്യായിരം രൂപാ സംഭാവന നൽകിയിരിക്കുന്നു.

* * *

ഇൻഡ്യാ ബർമ്മാ സിലോൺ വേദപ്രചാരസംഘത്തിന്റെ അദ്ധ്യക്ഷനായി റവ. ഫാദർ ജോസേഫ് ഫെയിസിയാണ്ടർ അവർകളേ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിരിക്കുന്നു. ഇദ്ദേഹം മൈസൂർ മിസ്സത്തിന്റെ പ്രൊക്കുറയിറ്റർ ആയി ബംഗളൂരിൽ താമസിക്കയായിരുന്നു.

* * *

ഹിമാലയ പർവ്വത ശിഖരത്തിന്റെ ൨൭൦൦൦ അടി പൊക്കംവരെ ജനറൽ ബ്രൂസും കൂട്ടരും ഈയിട കയറുകയുണ്ടായല്ലോ. അതിന്റെ സ്മരണയ്ക്കായി അദ്ദേഹം അവിടെ നിന്നെടുത്ത ഒരു പാറക്കഷണം വത്തിക്കാനിൽ കൊണ്ടുചെന്നു മാർപ്പാപ്പായ്ക്കു സമർപ്പിക്കയും, തിരുമനസ്സുകൊണ്ടു അതു രജത നിർമ്മിതമായ ഒരു വിശേഷ കൂട്ടിലാക്കി അരമനയിൽ സൂക്ഷിക്കയും ചെയ്തിരിക്കുന്നു.

### ഇററലി.

പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഒരു പ്രതിമ പത്രോസിന്റെ ദേവാലയത്തിൽ സ്ഥാപിച്ചിരിക്കുന്നു.

* * *

പതിനഞ്ചാം ബനദിക്തോസ് മാർപ്പാപ്പാ ഒരു പട്ടക്കാരനായിരിക്കയിൽ വേദപുസ്തക പ്രചാരാർത്ഥം വി. ജെറോമിന്റെ സഖ്യം എന്ന പേരിൽ ഒരു സഭ സ്ഥാപിക്കയുണ്ടായി. പ്രസ്തുത സഭക്കാർ ഏതൽക്കാലപര്യന്തം ൭൦ ലക്ഷം സുവിശേഷ പ്രതികളും ഒരുകോടിയോളം സുവിശേഷ ലഘുലേഖകളും പ്രസിദ്ധീകരിച്ചിട്ടുള്ളതായിക്കാണുന്നു.

* * *

സാഹിത്യകാരന്മാരുടെ മദ്ധ്യസ്ഥനായി വി. ഫ്രാൻസീസ്സ്ലോസ് സലേസു പുണ്യവാനേ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിരിക്കുന്നു.

### ഇംഗ്ലണ്ട്.

ക്വീൻബറി പ്രഭ്വിയും അവരുടെ അനന്തരാവകാശിയും കത്തോലിക്കാ സഭയിലേക്കു പ്രവേശിച്ചിരിക്കുന്നു.

ജോർജ്ജ് ചക്രവർത്തി തിരുമനസ്സു കൊണ്ടും ചക്രവർത്തിനിയും താമസിയാതെ ഇററലി സന്ദർശിക്കുന്ന അവസരത്തിൽ മാർപ്പാപ്പായെ സന്ദർശിക്കുന്നതാണെന്നറിയുന്നു.

* * *

പി. ജെ. തോമസ് അവർകൾ ബൽജിയത്തിൽ ചെന്നിരുന്ന സമയം ബ്രസൽസിൽ വച്ചു നടന്ന സർവ്വജാതിയ സർവ്വകലാശാലാ സമ്മേളനത്തിൽ സംബന്ധിക്കയും ഇൻഡ്യയെ സംബന്ധിച്ചു രണ്ടുമൂന്നു പ്രസംഗങ്ങൾ ചെയ്കയും ചെയ്തതായി കാണുന്നു.

ഗ്രന്ഥാവലിക്കു പണമടച്ചവരുടെ പേരുവിവരം.

| | രൂ. |
|---|---|
| റവ. എസ്. റോളീസ് എസ്. ജെ. | 1 |
| ബ. തേവരകൊവേന്തയുടെ വികാരി അച്ചൻ വീണ്ടും. | 1 |
| ബ. ചെമ്പന്തറ പീലിപ്പോസച്ചൻ | 1 |
| ,, തെക്കേക്കര പൌലോസച്ചൻ | 1 |
| ,, കലങ്ങാലിൽ മാത്തച്ചൻ | 1 |
| ,, ചെന്നക്കാടൻ ജെരാർദച്ചൻ | 1 |
| ,, തെക്കേക്കര ഫ്രാൻസീസ് അച്ചൻ | 1 |
| ,, കരിങ്ങട തോമ്മാച്ചൻ | 1 |
| ,, ശ്രീമതി മറിയാമ്മ ഈപ്പൻ കടമപ്പുഴ | 2 |
| രാ.രാ. ഞാറയ്ക്കവേലി ചാക്കൊ ലോന്നൻ | 1 |
| ,, മരുതൂശ്ശേരി അവുസേപ്പു തോമ്മാ | 1 |

## മനോഗുണ വിവരങ്ങൾ.

ചുരുക്കമായി ഈ വിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പെറു അടച്ചിരിക്കണം.

പൈങ്ങട്ടൂർ മാർ അന്തോനീസിൻെറ സഹായത്താൽ ചിത്തഭ്രമം പൂർണ്ണമായി ഭേദപ്പെട്ടതിനു ഉപകാരസ്മരണ.

കെ. ജെ. കുളപ്പുറം.

കർമ്മലമാതാവിൻെറ സഹായത്താൽ ഞാൻ അപേക്ഷിച്ച കാര്യം സാധിച്ചു കിട്ടിയതിനാൽ കുസുമം അടുത്ത ലക്കം മുതൽ അയച്ചുതരുവാനപേക്ഷ.

എൽ. ബി എഫ്. പ്രായി പെനാങ്ങ്.

അമലോത്ഭവ മാതാവിൻെറ സഖ്യത്തിൽ ചേരാമെന്നു നേർന്നതിൻെറ ഫലമായി പരീക്ഷയിൽ വിജയം പ്രാപിച്ചു. ഇതു പ്രസിദ്ധപ്പെടുത്തുവാൻ ഒന്നരകൊല്ലത്തിൻെറ താമസം നേരിട്ടതിൽ ദുഃഖിക്കുന്നു. പി. എം. പി. കാട്ടൂർ.

മാർ അന്തോനീസിൻെറ പ്രത്യേക സഹായത്താൽ കുടുംബ സമാധാനവും ശരീരസൌഖ്യവും കിട്ടിയിരിക്കുന്നു.

മിസ്സിസ് കെ. കാഞ്ഞൂർ.

വി. അന്തോനീസിൻെറ സഹായത്താൽ ദീനം സുഖപ്പെട്ടതിനു ഉപകാരസ്മരണ. സി. ജെ. മുട്ടത്താലി.

എൻെറ കുട്ടിയുടെ സുഖക്കേടു മാറിക്കിട്ടിയതിനു ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു.

എം. ജെ. ഈ. കോതമംഗലം.

ഞാൻ കത്തോലിക്കാ സഭയിലേയ്ക്കു ചേർന്നശേഷവും അതിനു വിസമ്മതിച്ചുനില്ക്കുന്ന എൻെറ ഭാര്യയുടെ മാനസാന്തരത്തിനായി കുസുമവായനക്കാർ പ്രാർത്ഥിക്കണം. കെ. ജി വള്ളിക്കുന്നം.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

മുഖമ്മപ്പള്ളിയിടവക ഏറണാട്ടു എലിസബെത്ത് സ്കറിയാ മീനം ൨൨-ാം തീയതി ൫൫ വയസ്സു.

മുത്തോലി ഇംഗ്ലീഷ് സ്കൂൾ മാനേജർ ക. നി. മൂ. സ. ബ. യാക്കോച്ചൻ അവർകളുടെ പിതാവു ചേന്നങ്കരി ഇടവക ഐക്കര തോമ്മാ മാർച്ച് ൨൫-നു ഞായറാഴ്ച ൯൩. വയസ്സു.

മാന്നാനം ആശ്രമത്തിൽ ക. നി. മൂ. സ യോഗാർത്ഥി എം. എം സിറിയക്കിൻെറ പിതാമഹി മുട്ടുചിറ പള്ളി ഇടവക മടത്തിക്കുന്നേൽ അന്ന മാർച്ച് ൨൪-ാം തീയതി ശനിയാഴ്ച ൭൭ വയസ്സു.

Printed and Published for the Proprietor by P.K. Joseph at St. Joseph's Press, Mannanam 1923.

ജർമ്മനിയിൽ നിന്നു ഞങ്ങൾ നേരിട്ടു വരുത്തിയിട്ടുള്ള

## വിശേഷ കാശുരൂപങ്ങൾ.

---

എല്ലാ ഉത്തരീയങ്ങൾക്കു പകരം ധരിക്കത്തക്കവണ്ണം ആശീർവ്വദിക്കപ്പെട്ടിട്ടുള്ളതു്.

### ഗ്രന്ഥാവലി വാങ്ങിക്കുന്നവൎക്കു പ്രത്യേക സമ്മാനം.

നാല്പതുമണിയാരാധന ദിവസങ്ങളിലേക്കു മാത്രം!

കുസുമഗ്രന്ഥാവലിക്കു ഞങ്ങൾ ആഗ്രഹിക്കുന്നതുപോലെയുള്ള പ്രചാരം ഇനിയും നമ്മുടെ ജനങ്ങളുടെയിടയിൽ ഉണ്ടായിട്ടില്ല. അതിനാൽ ജനങ്ങളെ അതിലേക്കു കുറേക്കൂടി പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥലത്തെ നാല്പതുമണിയാരാധന ദിവസങ്ങളിൽ ഈ പുസ്തകങ്ങൾ വാങ്ങിക്കുന്നവൎക്കു പ്രത്യേക സമ്മാനങ്ങൾ നിശ്ചയിച്ചിരിക്കുന്നു. സ്ഥലം സെൻറു് ജോസഫ്സ് മലയാളം സ്കൂളിൽ ആവശ്യപ്പെട്ടുകൊണ്ടാൽ മതി.

ഒരണയ്ക്കു പുസ്തകം വാങ്ങിക്കുന്നവൎക്കു് വൃത്താകൃതിയിലുള്ള ഒരു അലൂമിനം കാശുരൂപം.

രണ്ടണയ്ക്കു വാങ്ങിക്കുന്നവൎക്കു ടി. ചതുരാകൃതി.

മൂന്നണയ്ക്കു ടി. വലിയ തരങ്ങൾ.

### കുസുമവരിക്കാൎക്കു സമ്മാനം.

മരണനേരത്തു പൂൎണ്ണദണ്ഡവിമോചനമുള്ള മാർപ്പാപ്പായുടെ ആശീർവ്വാദത്തോടുകൂടിയ കുരിശുരൂപങ്ങൾ.

ആരാധനദിവസങ്ങളിൽ കാലത്തു ഒൻപതു മണി മുതൽ പന്ത്രണ്ടു മണി വരേയും ഉച്ചതിരിഞ്ഞു രണ്ടു മണി മുതൽ അഞ്ചു മണിവരേയും ‘കൎമ്മേലകുസുമ’ത്തിൻെറ ഏജണ്ടന്മാർ സെൻറു ജോസഫ്സ് മലയാളം സ്കൂളിൽ ഉണ്ടായിരിക്കും.

ഒരു രൂപാ മുമ്പേറടച്ചു കുസുമത്തിൻെറ പുതിയ വരിക്കാരായി ചേരുന്നവൎക്കു ടി. ഒരു കുരിശുരൂപം സമ്മാനം. കുടിശിക വകയായി അടയ്ക്കുന്ന ഓരോ രൂപായ്ക്കും ടി. സമ്മാനം ഓരോന്നു ലഭിക്കുന്നതാണ്.

പണം അടയ്ക്കുന്നവർ മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു അപ്പോൾ തന്നേ വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു.

## അടിച്ചുതീൎന്നിരിക്കുന്നു.

കുസുമഗ്രന്ഥാവലി ൮-ാം നമ്പർ ദേവമാതാവിൻെറ വണക്കമാസപ്പാട്ടുകൾ രണ്ടാം പതിപ്പ്. വില 1 അണ.

ഗ്രന്ഥാവലി ൧൦-ാം നമ്പർ ദിവ്യശ്രീ നടുവത്തുശ്ശേരിൽ യാക്കോബു കത്തനാർ എഴുതിയ ‘പാപ്പാമതഗ്രന്ഥവിമൎശം’ ഒന്നാം ഭാഗം. വില 3 അണ.

മാനേജർ, കൎമ്മേലകുസുമം, മാന്നാനം.

---

## മാർ തോമ്മാ ക്രിസ്ത്യാനികൾ (രണ്ടാംഭാഗം)

റവ. ഫാദർ ബൎണ്ണാർഡ് സി. ഡി. അവൎകളുടെ ചിരപ്രതീക്ഷിതമായ ഈ കൃതി ഇതാ അടിച്ചുകഴിഞ്ഞിരിക്കുന്നു. വില്പാൻ തയ്യാർ.

വില രൂപാ 1, അണ 4.

സൂപ്രണ്ട്, സെൻറു ജോസഫ് പ്രസ്സ്, മാന്നാനം.

Registered No. M. 365. No: T. 54.


# പി. പാപ്പിക്കമ്പനി

## മാന്നാനം.

### ദന്തവൈദ്യ സാമാനങ്ങൾ

| കൈചനാപ്പട്ട നീളം വണ്ണം | | Rs. | as. | p. |
|---|---|---|---|---|
| ൨-ാം ,, പിരിച്ചത് ൨ | ,, | 0 | 10 | 0 |
| ൩-ാം ,, ൨ | ,, | 0 | 9 | 0 |
| ൪-ാം ,, ൧ | ,, | 0 | 4 | 6 |
| ൫-ാം കയി ൧ | ,, | 0 | 3 | 6 |
| ൨-ാം ,, ൧ | ,, | 0 | 3 | 6 |
| ൩-ാം ,, ൧ | ,, | 0 | 4 | 6 |
| ൪-ാം ,, ൧ | ,, | 0 | 5 | 0 |
| ഉളക്കമുടി ൧-ാംതരം ൧ | ,, | 1 | 6 | 0 |
| ടി. ൨-ാംതരം ൧ | ,, | 1 | 0 | 0 |
| അപ്ലൂസ് ൧-ാംതരം ൧ | ,, | 0 | 6 | 0 |
| ടി. ൨-ാംതരം ൧ | ,, | 0 | 4 | 6 |
| ടി. ൩-ാംതരം ൧ | ,, | 0 | 3 | 0 |
| പെന്തി. (Bridge) ൧ | ,, | 0 | 3 | 0 |
| ആണി. (Screw) ൧ | ,, | 0 | 3 | 0 |
| പരത്തുവാൾ. | | | | |
| ൧-ാംതരം ൧ | ,, | 0 | 12 | 0 |
| ടി. ൨-ാംതരം ൧ | ,, | 0 | 10 | 0 |
| ബൃക്കബെയറിംഗിനുള്ള | | | | |
| തങ്കം ബൃക്ക ൧ | ,, | 2 | 4 | 0 |
| ടി. വെള്ളി ൧ | ,, | 0 | × | 0 |

### അലൂമിനം കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| No. ൧. (മുഖഭാഷ) ഡസൻ ൧ക്ക | | 0 | 1 | 9 |
| നമ്പ്ര 1 സെൻറ ജോസഫ് ,, | ,, | 0 | 2 | 3 |
| 1251 ഇത്താല്യൻ കാശു ,, | ,, | 0 | 5 | 0 |
| 247 വി. അന്തോനി (വട്ടം) | ,, | 0 | 10 | 0 |
| 100 വി. തോമ്മാശ്ലീഹാ. ,, | ,, | 0 | 10 | 0 |
| 101 ടി. പിച്ചള ,, | ,, | 0 | 7 | 0 |
| 50 വി. കുമ്പാന. | ,, | 0 | 14 | 0 |
| 53 അമലോത്ഭവം. | ,, | 0 | 14 | 0 |
| 56 ടി. | ,, | 1 | 2 | 0 |
| 131 തിരുഹൃദയം. | ,, | 1 | 2 | 0 |
| 6434 ,, | ,, | 1 | 2 | 0 |

### അലൂ.വെന്തിങ്ങാ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുഖഭാഷ. | ,, | 0 | 5 | 0 |
| 324 കക്കടവൃത്തം. | ,, | 0 | 5 | 0 |
| 231 നീണ്ടഭാഷ. | ,, | 0 | 7 | 0 |
| 337 വൃത്തം. | ,, | 0 | 7 | 0 |
| 338 വൃത്തം. ഡസൻ ൧ക്ക | ,, | 0 | 10 | 0 |
| 7030 ചതിര എരുളത്തു ചെറുത് | ,, | 0 | 10 | 0 |
| 325 കക്കടവൃത്തം. | ,, | 0 | 10 | 0 |
| 342 കരിങ്ങഭാഷ. | ,, | 0 | 10 | 0 |
| 7023 ചതിര മററത്തട. | ,, | 0 | 14 | 0 |
| 7031 ചതിര എരുളത്തു വലുത് | ,, | 0 | 14 | 0 |
| 399 നക്ഷത്രഭാഷ. | ,, | 1 | 2 | 0 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട്. | ,, | 1 | 2 | 0 |

### പളുങ്ക് കാശുരൂപങ്ങൾ.

| | | | | |
|---|---|---|---|---|
| 0 0 തിരുഹൃ... ലോ. മുഖഭാഷ | ,, | 2 | 4 | 0 |
| 0 ,, ,, ,, | ,, | | 0 | 0 |
| 1 ഇരുവശത്തും പടമുള്ള അരുളിക്ക | ,, | | | 0 |

### പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ടചരിത്രം ൧ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസുന്ദര്യാൾ അമ്മാന | 0 | 8 | 0 |
| 7 ചോദ്യാദിപാന | 0 | 3 | 6 |
| 8 പുത്തൻപാന | 0 | 4 | 6 |
| 9 ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 ലത്തീൻപൂജസഹായം | 0 | 1 | 6 |
| 12 ദേവാലയഗീതം | 0 | 10 | 0 |
| 13 നിത്യാരാധന 1ക്ക് | 2 | 0 | 0 |
| 14 പീയൂഷസംഗ്രഹം 1ക്ക് | 0 | 10 | 0 |
| 15 ദിനചര്യം 1ക്ക് | 0 | 5 | 2 |
| 16 തിരുഹൃദയവണക്കം 1ക്ക് | 0 | 10 | 0 |
| 17 അത്ഭുതലിലിപുഷ്പം 1ക്ക് | 0 | 4 | 0 |
| 18 കുടുംബ പ്രതിഷ്ഠ 1ക്ക് | 0 | 2 | 0 |
| 19 സാപ്ഗ്പാഠ 1ക്ക് | 0 | 14 | 0 |
| 20 ഗൃഹസഖി 1ക്ക് | 0 | 6 | 0 |
| 21 പൂജസംഗ്രഹം 1ക്ക് | 0 | 2 | 0 |

### പടങ്ങൾ

| | | | | |
|---|---|---|---|---|
| 8×10 വലിപ്പം | ,, | 1 | 8 | 0 |
| 13×17 ടി. | ,, | 4 | 8 | 0 |
| 16×20 ടി. | ,, | 6 | 12 | 0 |
| പ്രയർബുക്ക സയിസുപടങ്ങൾ | ,, | 0 | 0 | 6 |
| 240 പടമുള്ളപാളിപ്പടംപാളി ൧ക്ക | | 1 | 14 | 0 |

8×10, 13×17, 16×20, ടി. വലിപ്പങ്ങളിൽ തിരുഹൃദയപ്രതിഷ്ഠക്കുതകുന്നതായ തിരുഹൃദയ പടങ്ങളും അത്ഭുതപ്രവർത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവർണ്ണത്തോടുകൂടിയ മാതാവു മുതലായ പലതരം പടങ്ങളുമുണ്ട്.

P. Pappy and Co.
Mannanam, Travancore.